കർമ്മേല കുസുമം.

പുസ്തകം ൧൨) ൧൯൨൮ ജൂൺ. (ലക്കം ൬൯

പന്തക്കുസ്താ തിരുനാൾ൦ ൟഹാദക്കുദശായുടെ വരങ്ങളാ൦.

പന്തക്കുസ്താ (അമ്പതാം) തിരുനാളിൽ ൟഹാദ് ക്കുദശാ രീനാക്കുകളുടെതുപത്തിൽ വിശുദ്ധ കന്യകമറിയത്തിന്റെ മേലും ശ്ലീഹന്മാരുടെ മേലും ശിഷ്യഗണത്തിന്മേലും ഇറങ്ങി അവരെ അങ്ങെ വിശിഷ്ടദാനങ്ങളാൽ പൂരിച്ചു. അപ്പോൾ വിശുദ്ധ കത്തോലിക്ക് സഭയുടെ പണി പൂർണ്ണമായി. ഇതിനാൽ ലോകരക്ഷാർത്ഥം തന്റെ പുത്രനെ യാത്രയാക്കിയ പിതാവായ ദൈവത്തിന്നു സ്തുതിയും, തന്റെ കഷ്ടാനുഭവത്താൽ നമ്മെ രക്ഷിച്ച പുത്രൻതമ്പുരാനു ആരാധനയും, നമ്മുടെ രക്ഷയുടെ രഹസ്യത്തെ പൂർണ്ണമാക്കിയ ൟഹാദക്കുദശാതമ്പുരാനു സ്തോത്രവും ഉണ്ടായിരിക്കട്ടെ! എന്നു പൂജക്രമത്തിൽ ഉള്ള ആ സ്മരണീയ വാക്യത്തെ ഈ തിരുനാളിൽ നാം ഭക്തിപൂർവ്വം ചൊല്ലേണ്ടിയിരിക്കുന്നു.

ഏക കത്തോലിക്ക തിരുസഭയുടെ ആദ്യ അംഗങ്ങളായി സെഹിയോൻ മാളികയിൽ പന്തക്കുസ്താ ദിവസത്തിൽ കൂടിയിരുന്ന ൧൨൦ ആളുകളുടെ മേൽ കാണപ്പെട്ട വിധമായി രീനാക്കുകളുടെ തുപത്തിൽ എഴുന്നരുളിയ ൟഹാദക്കുദശാതമ്പുരാൻ തിരുസഭയിൽ നിന്നു മാറിപ്പോയിട്ടില്ല; അന്നു മുതൽ ഇന്നോളവും അങ്ങുന്നു തിരുസഭയെ അലങ്കരിച്ചുകൊണ്ടും ശുദ്ധീകരിച്ചുകൊണ്ടുമിരിക്കുന്നു. ഇനി ലോകാവസാനംവരെ ഇപ്രകാരം നമ്മോടു കൂടിയിരിക്കയും ചെയ്യും. അതുകയാൽ ആശ്വാസപ്രദനായ ഈ പരിശുദ്ധാത്മാവു നമ്മിൽനിവസിക്കുന്ന വിധത്തെപ്പറ്റിയും, അങ്ങേ ഏഴ ദാനങ്ങളെക്കുറിച്ചും, അസാധാരണ നൽവരങ്ങളെക്കുറിച്ചും സ്വല്പം വിവരിക്കുന്നു.

൧. ദൈവേഷ്ടപ്രസാദത്തോടെ ജീവിക്കുന്ന സകലരിലും ൟഹാദക്കുദശാതമ്പുരാൻ നിവസിക്കുന്നു എന്നുള്ളതു ഭേദമില്ലാത്ത സത്യമാകുന്നു. ഇതിനാൽ വിശുദ്ധ പൌലോസ് ക്രേന്തായേക്കാർക്കു എഴുതിയ ലേഖനം ൧൩-ാം അദ്ധ്യായം ൧൬-ാം വാക്യത്തിൽ, "നിങ്ങൾ ദൈവത്തിന്റെ ആലയമായിരിക്കുന്നുവെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ നിവസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലെ?" എന്നു ചോദിക്കുന്നു. അപ്രകാരംതന്നെ ക്രേന്തായക്കാർക്കുള്ള രണ്ടാംലേഖനം ആറാംഅദ്ധ്യായം പതിനാറാംവാക്യത്തിൽ, "നിങ്ങൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാകുന്നു" എന്നു സ്ഥിരപ്പെടുത്തി പറകയും ചെയ്യുന്നു. തീയിൽ ഇടപ്പെട്ട ഇരുമ്പു തീമയമായിതീരുന്നതുപോലെ ൟഹാദക്കുദശാതമ്പുരാൻ ഏതു ആത്മാവിൽ നിവസിക്കുന്നുവൊ ആ ആത്മാവുദൈവസ്വഭാവത്തിന്റെ പങ്കാളിയായി തീരുന്നുവെന്നു വി

ശുദ്ധ തോമാമല്ലാന്നും പഠിപ്പിക്കുന്നു. വി ശുദ്ധ പത്രോസ്ശ്ലീഹായുടെ ൨-ാംലേഖനം ൧-ാം അദ്ധ്യായം ൪-ാംവാക്യത്തിൽ, "നിങ്ങൾ ദൈവസ്വഭാവത്തിന്റെ പങ്കാളികൾ ആകും" എന്നുള്ള വചനങ്ങൾ ഈ സത്യത്തെ സ്ഥിരപ്പെടുത്തുന്നു. നമ്മിൽ കുടിയിരിക്കുന്ന ഈ പരിശുദ്ധാത്മാവിലൂടെ നാം ദൈവത്തിന്റെ ദത്തുപുത്രന്മാരായിത്തീരുകയും, പിതാവായ ദൈവത്തെ 'ഞങ്ങളുടെ ബ്ബാവാ!' എന്നു വിളിക്കുവാൻ ആകാശമോക്ഷത്തിന്റെ അവകാശികളായി ഭവിക്കുകയും ചെയ്യുന്നുവെന്നു വിശുദ്ധ പൌലോസ് റോമാക്കാർക്കുള്ള ലേഖനം ൮-ാം അദ്ധ്യായത്തിൽ വിശദമായി പഠിപ്പിക്കുന്നു. എന്നാൽ രൂഹാദക്കുദശാ തമ്പുരാൻ നമ്മിൽ കുടിയിരിക്കുമ്പോൾ അങ്ങേക്കുടെ ഒരുമിച്ചു ഒരിക്കലും പിരിയാതെ ഇരിക്കുന്ന ബ്ബാവായും പുത്രനും കുടി നമ്മിൽ കുടിയിരിക്കുകയും ചെയ്യും. "യാതൊരുത്തൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, അവൻ എന്റെ വചനങ്ങളെ കാക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവനിൽ വന്നു കുടിയിരിക്കുകയും ചെയ്യും" എന്നു ദിവ്യരക്ഷകൻ വിശുദ്ധ യോഹന്നാന്റെ സുവിശേഷം ൧൪-ാം അദ്ധ്യായം ൨൩-ാം വാക്യത്തിൽ വ്യക്തമായി അരുളിച്ചെയ്തിട്ടുണ്ട്. ഇപ്രകാരം ദൈവഇഷ്ടപ്രസാദത്തിൽ ഇരിക്കുന്ന ആത്മാവിന്റെ ഭാഗ്യപ്പെട്ട സ്ഥിതി എത്രയും മനോഹരമായിരിക്കുന്നു. അതിന്റെ ജ്ഞാനസൌന്ദര്യവും പ്രകാശവും വർണ്ണിച്ചു കാണിപ്പാൻ ഒരുത്തനും സാധിക്കുക ഇല്ല. ഇതിനാൽ ഇഷ്ടപ്രസാദത്തിൽ ഇരിക്കുന്ന ആൾ തന്റെ ആത്മാവ് ദൈവത്തിനു എത്ര പ്രസാദമുള്ള സ്ഥിതിയിൽ ഇരിക്കുന്നു എന്നു കാണ്മാൻ സംഗതി വന്നാൽ, സന്തോഷാധിക്യത്താൽ മരിച്ചു പോകുമെന്നു വിശുദ്ധ മറിയംമഗ്ദലെത്ത ദെപാസ്സീസ് പറഞ്ഞിരിക്കുന്നു. ഒരിക്കൽ ഈശോമിശിഹാ വിശുദ്ധത്രേസ്യാപുണ്യവതിക്കു ദൈവ ഇഷ്ടപ്രസാദത്തിലിരിക്കുന്ന ആത്മാവിന്റെ ഒരു ഭാഷയെ കാണിച്ചു കൊടുത്തു. എത്രയും വെണ്മയുള്ള ഒരു സ്ടികെ ഉണ്ടയുടെ നടുവിൽ ഒരു സൂര്യൻ പ്രകാശിച്ചു നിൽക്കുന്ന ഭാഷയിലത്രെ ഈ കാഴ്ചയുണ്ടായതു്. വെണ്മയുള്ള സ്ടികഗോളം ചാവദോഷമില്ലാതെ ശുദ്ധമായിരിക്കുന്ന ആത്മാവിന്റെസാദൃശ്യവും, നടുവിൽപ്രകാശിക്കുന്ന സൂര്യൻ ബ്ബാവാപുത്രൻ രൂഹാദക്കുദശാ എന്ന വിശുദ്ധ തമ്രീതാവുമാകുന്നു. ഇതാ പരിശുദ്ധ അരൂപി, എന്നല്ല ദൈവ ആളുകൾ മൂവരും നമ്മിൽ കുടിയിരിക്കുന്ന വിസ്മയിക്കത്തക്കവിധം. എന്നാൽ യാതൊരുത്തൻ ചാവുദോഷത്താൽ ദൈവഇഷ്ടപ്രസാദത്തെ നഷ്ടമാക്കികളയുന്നു എങ്കിൽ, വീണ്ടു ഏഴുപുത്തിൽ അതിനെ പ്രാപിക്കുന്നതിനു വേണ്ടി കുമ്പസാരമെന്ന ക്രുദാശയെയും നമ്മുടെ ദിവ്യരക്ഷകൻ ഏല്പിച്ചിട്ടുണ്ട്. ആശ്വാസപ്രദനായ പരിശുദ്ധാരൂപി ഓരോ ആത്മാവിൽ നിവസിക്കയും അതിനെ ശുദ്ധീകരിക്കയും മാത്രമല്ല ചെയ്യുന്നതു്, വിശുദ്ധ കത്തോലിക്കാസഭയെ എല്ലാ അബദ്ധങ്ങളിൽ നിന്നു കാത്തു സൂക്ഷിക്കയും അതിനെ ഭരിച്ചു നടത്തുകയും ക്രുടി ചെയ്യുന്നു.

൨. വേദോപദേശപഠനത്തിൽനിന്നു സകലരും അറിഞ്ഞിരിക്കുന്നതു പോലെ രൂഹാദക്കുദശാ തമ്പുരാന്റെ ദാനങ്ങൾ ജ്ഞാനം, ബുദ്ധി, വിചാരം, അറിവു്, ആത്മശക്തി, ഭക്തി, ദൈവഭീതി എന്നീ ഏഴു നാമകളാണു്. ഏശയ്യാ ൧൧-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഒരോ ഏഴുദാനങ്ങളിൽ ആദ്യത്തെ നാലു ബോധത്തെ തെളിയിക്കയും ശേഷിച്ച മൂന്നു മനസ്സിനെ ഉറപ്പിക്കയുമാണു് ചെയ്യുന്നതു്. നല്ല വ്യാപാരത്തിനുള്ള പ്രധാനപ്പെട്ട പുണ്യങ്ങളാകുന്ന വിവേകം, നൊവു്, ആത്മശക്തി, അടക്കം എന്നീ നാലു പുണ്യങ്ങളും ഒരോ ഏഴുദാനങ്ങളിൽ അടങ്ങിയിരിക്കുന്നു. സൂര്യപ്രകാശത്തിൽ ഏഴുവർണ്ണങ്ങൾ അടങ്ങിയിരിക്കുന്നതുപോലെ ഒരോ പരിശുദ്ധാരൂപി നിവസിക്കുന്ന ആത്മാവുകളിൽ ഒരോ ഏഴുദാനങ്ങളും വ്യാപിക്കും. മുമ്പിലത്തെ ഒപ്പുശ്ലൂമാ എന്ന ക്രുദാശവഴിയായി ഒരോ ദാനങ്ങൾ പൂർവ്വാധികം വർദ്ധിക്കയും ചെയ്യും. ചെറിയ ക്ലാസുകൾ ഒരു വിദ്യാർത്ഥിയെ മേൽക്ലാസിലേക്കു

യോഗ്യനാക്കി തീർക്കുന്നതുപോലെ നമ്മുടെ ആത്മാവുകൾ ഒരോ ഏഴുദാനങ്ങൾ മൂലം വിശ്വാസം, ശരണം, ഉപകാരി എന്നീ മേല്പെട്ട ദൈവിക പുണ്യങ്ങൾക്കുള്ള പാത്രതയെ പ്രാപിക്കുന്നു.

എന്തെന്നാൽ ഈ ഏഴു ദാനങ്ങൾ, നമ്മുടെ ആത്മാവു ദൈവത്തോടു ചേരുന്നതിനുള്ള വിഘ്നങ്ങളെ ഛണ്ഡിച്ചു നീക്കുന്നു; വിശ്വാസം, ശരണം, ഉപകാരി എന്നീ ദൈവിക പുണ്യങ്ങൾ ആത്മാവിനെ ദൈവത്തോടു യോജിപ്പിക്കയും ചെയ്യുന്നു. സ്വഭാവത്തിനു മേല്പെട്ട ഈ ഏഴു ദാനങ്ങളിൽ ഓരോന്നിന്റെയും യഥാർത്ഥഗുണം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജ്ഞാനം എന്ന ദാനത്താൽ നമ്മുടെ ആത്മാവു് ഭൂമിക്കടുത്ത വസ്തുക്കളുടെ നിസ്സാരതയെ കണ്ടുപിടിക്കുന്നതിനും, അതിന്റെ സവ്വനന്മയായി ദൈവത്തെ മതിക്കുന്നതിനും ത്രാണിയുള്ളതായി തീരുന്നു. ഇതിനാൽ വിശുദ്ധ ഈനാസിയോസ്: 'ഞാൻ ആകാശത്തേക്കു നോക്കുമ്പോൾ ഭൂമിക്കടുത്ത വസ്തുക്കൾ എതുയൊ നിസ്സാരമായി എനിക്കു തോന്നുന്നു' എന്നു പറഞ്ഞു വന്നിരുന്നു. വിശുദ്ധ ഫ്രാൻസീസ്സോസ് അസ്സീസി, 'എന്റെ ദൈവം എന്റെ സമസ്തം' എന്നു എപ്പോഴും മഹാസന്തോഷത്തോടെ ചൊല്ലിയിരുന്നു. ബുദ്ധി എന്ന ദാനം വഴിയായി നമ്മുടെ ആത്മാവു് അബദ്ധപഠനങ്ങളെ തൃജിച്ചു് കത്തോലിക്കതിരുസഭ ദൈവനാമത്തിൽ ഉപദേശിക്കുന്ന സത്യപഠനങ്ങളെ ഗ്രഹിക്കുന്നതിനുള്ള ശക്തിയെ പ്രാപിക്കുന്നു. ഇപ്രകാരം അലക്സാന്ത്രിയായിലെ വിശുദ്ധ കത്രീനാ പുണ്യവതി അന്യമതസ്ഥന്മാരായ അമ്പതുശാസ്ത്രികളോടു തർക്കിച്ചു്, അവരുടെ അബദ്ധങ്ങളെ തെളിയിച്ചു, അവരെ സത്യവേദത്തിൽ ചേർത്തു. അറിവു് എന്ന ദാനത്താൽ നമ്മുടെ ആത്മാവു് ദൈവം വെളിപ്പെടുത്തീട്ടുള്ളതും തിരുസഭ പഠിപ്പിക്കുന്നതുമായ സകല സത്യങ്ങളെയും നിഷ്പ്രയാസേന അറിയുന്നതിനു ശക്തയായി തീരുന്നു. ഇപ്രകാരം വിശുദ്ധ തോമ്മാമല്ലാൻ, വിശുദ്ധ ബൊനവെന്തൂര മല്ലാൻ, വിശുദ്ധ ഇഗ്നാസിയോസ് ലൊയോള മുതലായവർ അവർ പുസ്തകങ്ങളിൽ നിന്നും ഗുരുക്കന്മാരിൽ നിന്നും പഠിച്ചതിനേക്കാൾ വളരെ അധികമായി ദൈവത്തിൽ നിന്നു പഠിച്ചു എന്നു അനുസരിച്ചു പറഞ്ഞിരിക്കുന്നു. വിചാരം അഥവാ ആലോചന എന്ന ദാനത്താൽ നമ്മുടെ ആത്മാവു് ഓരോ വിഷമഘട്ടങ്ങളിൽ എന്തു ചെയ്യണം എന്നും, എന്തു പറയണം എന്നും തീരുമാനിക്കുന്നതിനു ദൈവസഹായം പ്രാപിക്കുന്നു. ഈ സഹായത്തെക്കുറിച്ചു നമ്മുടെ ദിവ്യരക്ഷകൻ വിശുദ്ധ ലൂക്കാ സുവിശേഷം ൧൨-ാം അദ്ധ്യായം ൧൧, ൧൨, വാക്യങ്ങളിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. "എന്നാൽ നിങ്ങൾ എന്തു ഉത്തരിക്കേണ്ടുവെന്നും എന്തു പറയേണ്ടുവെന്നും വിചാരപ്പെടേണ്ട; എന്തുകൊണ്ടെന്നാൽ ആ നാഴികയിൽ നിങ്ങൾ പറയേണ്ടതിനെ പരിശുദ്ധാത്മാവു നിങ്ങളെ പഠിപ്പിക്കും". ആത്മശക്തി എന്ന ദാനത്താൽ, ദൈവപ്രമാണങ്ങൾ കാക്കുന്നതിലും ദൈവതിരുമനസ്സിനെ പൂർത്തീകരിക്കുന്നതിലും നേരിടുന്ന സകലവിധ ഞെരുക്കങ്ങളേയും പീഡകളേയും ക്ഷമയോടെ സഹിപ്പാൻ ആവശ്യമായ സഹായം നമുക്കു കിട്ടുന്നു. — ഭക്തി എന്ന ദാനം വഴിയായി ദൈവത്തെ മേൽക്കുമേൽ വണങ്ങുന്നതിനും സ്നേഹിക്കുന്നതിനും വേണ്ട പരിശ്രമങ്ങൾ ഉത്സാഹത്തോടുകൂടി ചെയ്യുന്നതിനുള്ള സഹായം നമുക്കു ലഭിക്കുന്നു. — ദൈവഭീതി എന്ന ദാനംകൊണ്ടു ദൈവത്തെ ഉപദ്രവിക്കുന്നതു സകല തിന്മകളെക്കാൾ ഏറ്റവും വലിയ തിന്മയായിട്ടു ഭയന്നു അതിൽ നിന്നു ഒഴിഞ്ഞുപോകുവാനുള്ള മനോധൈര്യം നമുക്കു കിട്ടുന്നു. ഈ മനോധൈര്യത്താൽ നീതിമാന്മാർ മനുഷ്യരുടെമേലുള്ള പേടിയും അവരുടെ മുഖസ്തുതിയും ജയിച്ചു. വേദസാക്ഷികൾ സകലവിധ പീഡകൾ സഹിക്കയും സ്വന്തജീവനെ ഉപേക്ഷിക്കയും ചെയ്തു.

൩. കൃഷ്ണദാസ തമ്പുരാന്റെ അസാധാരണ ദാനങ്ങൾ അഥവാ നൽവരങ്ങൾ എന്നു പറയപ്പെടുന്നതു ശേഷം പേരുടെ ഉപയോഗത്തിനും തിരുസഭയുടെ ഗുണത്തിനും വേണ്ടി ചില മഹാ

ത്മാക്കൾക്കു നൽകപ്പെട്ടുന്ന വിശേഷവരങ്ങളാണ്. അത്ഭുതങ്ങളെ ചെയ്യുന്നതിനും, പഠിച്ചറിയാത്ത ഭാഷകളെ സംസാരിക്കുന്നതിനും, വരുവാനിരിക്കുന്ന കാര്യങ്ങളെ അറിയിക്കുന്നതിനും, ദൈവവെളിപാടുകൾ കണ്ടറിയുന്നതിനും മറ്റുമുള്ള ഈ വിധ അസാധാരണ വരങ്ങൾ തിരുസഭയുടെ സത്യപഠനങ്ങളെ അന്യമതക്കാരായ ജനങ്ങളും പാപികളും കണ്ടു വിശ്വസിക്കുന്നതിനും മനസ്സുതിരിയുന്നതിനും ഉപകരിക്കുന്നു. എന്നാൽ ഇവയെ പ്രാപിച്ചിരിക്കുന്ന ആളുകളുടെ ആത്മശുദ്ധീകരത്തിനു ഇവ ആവശ്യപ്പെട്ടതുമല്ല, ഇവകളെക്കൊണ്ടു അതിനു വിശേഷ ഗുണവും ഇല്ല. ആകയാൽ ദൈവം ഈ വക അസാധാരണ വരങ്ങളെ ആവശ്യമുള്ള സമയങ്ങളിൽ മാത്രമെ നൽകുമാറുള്ളു. തിരുസഭയുടെ ആരംഭകാലത്തു ശ്ലീഹന്മാരും, പരിശുദ്ധന്മാരും, വേദസാക്ഷികളും അനവധി അത്ഭുതങ്ങളെ ചെയ്തിരുന്നു. ദൈവത്തിന്റെ മുദ്രപോലെയിരിക്കുന്ന ഈ വക അത്ഭുതങ്ങൾ മാനുഷൻ സത്യവേദത്തെയും സുവിശേഷ പഠനങ്ങളെയും അനുസരിക്കുന്നതിനു ഉപയുക്തങ്ങൾ ആയിരുന്നു. കത്തോലിക്കാ തിരുസഭയുടെ സ്തുതിക്കും ശ്രേഷ്ഠംപേരുടെ ഗുണത്തിനും വേണ്ടി, അത്ഭുതങ്ങൾ മൂലം വിളങ്ങി പ്രകാശിക്കുന്ന പുണ്യവാന്മാർ എല്ലാ ശതാബ്ദങ്ങളിലും ഉണ്ടായിട്ടുണ്ട്. പ്രോട്ടസ്റ്റാന്റു മതം ഉത്ഭവിച്ച പതിനാറാറാണ്ടിൽ തന്നെ കത്തോലിക്കാ തിരുസഭയിൽ വലിയ അത്ഭുതങ്ങളെ ചെയ്ത വി. ഫ്രാൻസീസ്സോസ് സവ്വരിയാർ, വി. പീലിപ്പോസ് നേരി, വി. ഈനാസിയോസ്, വി. ത്രേസ്യാ, വി. മറിയം മഗ്ദലെത്താ തെപ്പാസീസ് മുതലായ സ്ത്രീപുരുഷന്മാരായ അനേകം പരിശുദ്ധന്മാർ പ്രശോഭിച്ചിരുന്നു.

ആകയാൽ പന്തക്കുസ്താ ദിവസത്തിൽ കാണപ്പെട്ട വിധത്തിൽ തിരുസഭയുടെ മേൽ ആഡംബര സമേതം എഴുന്നരുളിയ ആശ്വാസപ്രദനായ റൂഹാദക്കുദശാ തമ്പുരാൻ എല്ലാപ്പൊഴും തിരുസഭയിൽ നിവസിക്കയും അതിനെ ശുദ്ധീകരിക്കയും അങ്ങേ വിശുദ്ധ ദാനങ്ങളാൽ അലങ്കരിക്കയും ചെയ്യുന്നുണ്ട്. ഇനി ലോകാവസാനപര്യന്തം ഇപ്രകാരം ചെയ്യുന്നതുമാണ്.

ഫാ. ഫ്രാൻ.

ദിവ്യകാരുണ്യ സന്ദർശനം.

വിശുദ്ധ കുർബ്ബാനയെ സ്നേഹങ്ങളുടെ സ്നേഹം എന്നാണ് ബർണ്ണാർഡ് പുണ്യവാൻ പറയുന്നതു്. ഈ വാക്യത്തിലെ താല്പര്യം ദൈവത്തിനു മനുഷ്യന്റെ നേർക്കുള്ള സ്നേഹത്തിന്റെ അത്യുത്തമമായ ലക്ഷ്യം വി. കുർബ്ബാന ആകുന്നു എന്നാണ്. അപ്രകാരംതന്നെ മനുഷ്യനു ദൈവത്തോടുണ്ടാകാൻ പാടുള്ള വാത്സല്യതമവും തീഷ്ണതമവുമായ സ്നേഹത്തിന്റെ ഒരു പ്രോത്സാഹകാരണവും ഈ ക്രുദാശ്രുതന്നെ ആകുന്നു. ഇതു അത്ഭുത വിഷയമായ സ്നേഹത്തെക്കുറിച്ചു് ന. കത്താവിനു നാം എത്ര പ്രതിസ്നേഹം പ്രദർശിപ്പിച്ചിട്ടുണ്ടെന്നു വിചാരിക്കുമ്പോൾ നാമെല്ലാവരും സകാരണം ഭയപ്പെടേണ്ടിയിരിക്കുന്നു. ഈ പ്രതിസ്നേഹത്തെ പ്രദർശിപ്പിക്കുവാനുള്ള ഉത്തമമാർഗ്ഗങ്ങളിൽ ഒന്നാകുന്നു ദിവ്യകാരുണ്യ സന്ദർശനം. വിശേഷിച്ചും തിരുസഭ ഈ മാസത്തിൽ വി. കുർബ്ബാനയുടെ തിരുനാൾ കൊണ്ടാടുന്നതുകൊണ്ടും, തിരുഹൃദയ വണക്കത്തിനായി ഈ മാസത്തെ പ്രതിഷ്ഠിച്ചിരിക്കയാലും ഈ മാസത്തിൽ വി. കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ പൂർവ്വാധികം ചെന്നു സന്ദർശിക്കുന്നതു യുക്തമായിരിക്കകൊണ്ടു് ദിവ്യകാരുണ്യ സന്ദർശനം സംബന്ധിച്ചു് രണ്ടു വാക്കു പറയുന്നതു കാലോചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

'അതിപരിചയം അശ്രദ്ധയേയും അനാദരത്തേയും ഉളവാക്കുന്നു' എന്ന പഴമൊഴി പരിശുദ്ധ കുർബ്ബാനയിൽ അർത്ഥവത്താകുന്നതുപോലെ മറെറാന്നിലും ആകുന്നില്ലെന്നാണ് തോന്നുന്നതു്. ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന നമ്മുടെ ഈശോയുടെ പരമസൽകുടുംബ

ളിൽ ഒന്ന് അതിസ്നേഹം അലക്ഷ്യകാരണമാകുന്നെല്ലൊ എന്നുള്ളതാണ്. ഇതിനാലാണ് 'ക്രിസ്തുനുകരണ' കർത്താവായ തോമസ് ആകെമ്പീസ് ൧-ാം പുസ്തകം ൧൨-ാം അദ്ധ്യായത്തിൽ "പറഞ്ഞൊപ്പിക്കാൻ വഹിയാത്ത ഈ ദാനത്തെക്കുറിച്ച് വിചാരിക്കാത്തതും, ഇതിന്റെ അനുദിന ഉപയോഗത്തിൽ നിന്നു ഇതിനോട് ബഹുമാനം തോന്നാത്തതുമായ മനുഷ്യഹൃദയത്തിന്റെ അന്ധതയും കാഠിന്യവും എത്രയൊ വലുതായിരിക്കുന്നു" എന്നും "ഈ എത്രയും പരിശുദ്ധമായിരിക്കുന്ന ക്രൂശാ ലോകത്തിൽ ഒരു സ്ഥലത്തുമാത്രം അപ്പിക്കപ്പെടുകയും അതിനു് അധികാരമുള്ള ഒരു പുരോഹിതൻ മാത്രം ഉണ്ടായിരിക്കയും ചെയ്യാൽ, ഈ ദൈവിക രഹസ്യം അപ്പിക്കപ്പെട്ടന്നതിനെ കാണുന്നതിനായി ആ സ്ഥലത്തേക്കും ആ പട്ടക്കാരന്റെ പക്കലേക്കും എത്രയൊ ആഗ്രഹത്തോടുകൂടെ മനുഷ്യർ പോകുമായിരുന്നു,, എന്നും പറഞ്ഞിരിക്കുന്നു. പരിശുദ്ധ കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന നമ്മുടെ ദിവ്യരക്ഷകനോടുള്ള പെരുമാറ്റത്തിൽ സാധാരണ കണ്ടുവരുന്ന അലക്ഷ്യം ദിവ്യകാരുണ്യ സന്ദർശനത്തിലും ഒട്ടും കുറവല്ലാത്തതിനാൽ താഴെ കാണുന്ന ചില ഉപകരണങ്ങളെ പ്രയോഗിച്ചുകൊണ്ട് സന്ദർശനം കഴിക്കുന്നതായാൽ മുൻപറഞ്ഞ പോരായ്മയെ നീക്കിക്കളയാവുന്നതാണ്.

എല്ലാ പ്രാർത്ഥനകളും ആരാധനയുടേയും ഉപകാരസ്മരണയുടെയും പ്രകരണങ്ങളെക്കൊണ്ടും അനുഗ്രഹത്തിന്റെയും മാപ്പിന്റെയും യാചനയെക്കൊണ്ടും തുടങ്ങേണ്ടിയിരിക്കുന്നു. സന്ദർശനത്തിന്റെ ആരംഭത്തിലും ഈ പ്രകരണങ്ങളെതന്നെ ആണ് എപ്പോഴും ചെയ്യേണ്ടത്. ഒരു ബന്ധനാലയത്തോടു തുല്യമായ സക്രാരിയിൽ നാം അരൂപിയിൽ പ്രവേശിച്ചിട്ടു അവിടെ നമ്മോടുള്ള സ്നേഹത്തെ പ്രതി ഒരു തടവുകാരനെപ്പോലെ സ്ഥിതി ചെയ്യുന്ന ഈശോയെ ആരാധിക്കയും അങ്ങെ പക്കൽനിന്നു നാം കൈക്കൊണ്ടിരിക്കുന്ന അനവധി ഉപകാരങ്ങൾക്കു വേണ്ടി നന്ദി പറകയും ചെയ്തശേഷം അങ്ങേതുപ്പാദങ്ങളെ നാം ചെയ്യുകൊണ്ടു പുതുതായ വരപ്രസാദങ്ങളെ യാചിക്കയും, ചെയ്തുപോയ പാപങ്ങൾക്കു മാപ്പു അപേക്ഷിക്കയും ചെയ്യുന്നതിനോടു കൂടി സന്ദർശനത്തിന്റെ ആദ്യവും പ്രധാനവുമായ ഭാഗം അവസാനിക്കുന്നു. പിന്നീടു ഈ സന്ദർശനത്തിനു നമ്മെ പ്രേരിപ്പിച്ച പ്രത്യേക ആവശ്യം വല്ലതുമുണ്ടെങ്കിൽ അതു നാം ഈശോയെ അറിയിക്കണം. എന്നാൽ ഇപ്രകാരമുള്ള ആവശ്യം നേരിടുന്നതു് വളരെ ദുർല്ലഭമാണ്. നമ്മുടെ സർവ്വസാധാരണമായ ആവശ്യം വിശ്വാസത്തിന്റെയും ശരണത്തിന്റെയും സ്നേഹത്തിന്റെയും മനസ്താപത്തിന്റെയും പ്രകരണങ്ങളെ ചെയ്യുന്നതും നമ്മുടെ ആത്മശുദ്ധീകരണത്തിനാവശ്യമുള്ള വരപ്രസാദങ്ങളെ യാചിക്കുന്നതും ആകുന്നു. എല്ലാ സമയത്തിലും ഉള്ള നമ്മുടെ മുഖ്യമായ കർത്തവ്യകർമ്മവും ഇതുതന്നെയാണ്. ഹൃദയപൂർവ്വം പരസ്പരം സ്നേഹിക്കുന്ന രണ്ടു സ്നേഹിതന്മാർ ദീർഘവേർപാടിന്റെ ശേഷം തമ്മിൽ കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സൈരസല്ലാപത്തിൽ ഒരുത്തൻ തനിയ്ക്കു സംഭവിച്ചിട്ടുള്ള സന്തോഷകരമൊ സന്താപകരമൊ ആയ വാർത്തകളെ അറിയിക്കുമ്പോൾ മറ്റെറ ആൾ അനുമോദിക്കയൊ സഹതപിക്കയൊ ചെയ്യുന്നു. വിശേഷിച്ചും പിന്നീടു തങ്ങൾക്കു വന്നേക്കുമെന്നു അവർ വിചാരിക്കുന്ന ഓരോ വിഷമഘട്ടങ്ങളെപ്പറ്റി അന്യോന്യം ആലോചിച്ച് അവയ്ക്കും ഓരോ നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുവയ്ക്കുന്നു. ഏകദേശം ഇതുപോലെതന്നെയാണ് പരിശുദ്ധ കുർബ്ബാനയിൽ ഈശോയെ സന്ദർശിക്കുമ്പോഴും നാം പ്രവർത്തിക്കേണ്ടതു്.

നമ്മുടെ സന്ദർശനങ്ങൾ നേരഭേദം, കാലഭേദം, ആത്മാവിന്റെ സ്ഥിതിഭേദം ഇങ്ങനെ മൂന്നുവിധത്തിൽ ക്രമപ്പെടുത്താവുന്നതാണ്. നേരഭേദം— ഉഷസ്സിങ്കലുള്ള സന്ദർശന സമയത്തു തലേരാത്രിയിൽ നമുക്കു ആത്മസംബന്ധമായും ശരീരസംബന്ധമായും വരുവാൻ പാടുണ്ടായിരുന്ന ആപത്തുകളിൽ നിന്നു നമ്മെ കാത്തുരക്ഷിച്ചതിനെക്കുറിച്ച് ക

ത്താവിനെ ഉപകാരസ്മരണ ചെയ്യുയും ആ ദിവസത്തെ വേണ്ടവിധം ചെലവഴിക്കുന്നതിനാവശ്യപ്പെട്ടിരിക്കുന്ന വരപ്രസാദങ്ങളെ ഹൃദയപൂർവ്വം യാചിക്കുയും ചെയ്യുന്നതു നന്നായിരിക്കും. വൈകിട്ടുള്ള സന്ദർശനത്തിൽ ദാവീദ് നിവ്യായോട്ടുകൂടെ "സർവ്വശക്തനായ കർത്താവ് സമാധാനമുള്ള ഒരു രാത്രിയേയും ശുദ്ധമുള്ള അന്ത്യത്തേയും നമുക്കു തരട്ടെ" എന്നു അപേക്ഷിക്കുന്നതിൽ നല്ല മരണവും ഉൾപ്പെടുത്തിയിട്ടുണ്ടെന്നിരുന്നാലും ഇതിനായി ഈ സമയത്തിൽ പ്രത്യേകം അപേക്ഷിക്കേണ്ടതാണ്. ഇവ രണ്ടിന്റെയും ഇടസ്സുള്ള സമയങ്ങളിലെ സന്ദർശനത്തിൽ, ആ സന്ദർശനത്തിനു മുമ്പു ചെയ്യ പ്രവൃത്തികളെക്കുറിച്ചോ, അല്ലെങ്കിൽ സന്ദർശനം കഴിഞ്ഞിട്ടു ചെയ്യാനുള്ള പ്രവൃത്തികളെപ്പറ്റിയോ നമ്മ കർത്താവിനെ അറിയിക്കേണ്ടതായ പല സംഗതികളും ആ പ്രവൃത്തികൾതന്നെ നമുക്കു തോന്നിച്ചു തരുന്നതാണ്.

കാലഭേദം— ആഗമനകാലത്തിൽ നമ്മ ദിവ്യരക്ഷകൻ അങ്ങെ മാതാവിന്റെ തിരു ഉദരത്തിൽ കൈകാലുകളെ പോലും യഥേഷ്ടം ഇളക്കുവാൻ ശക്തിയില്ലാതെ, അത്യധികം കഷ്ടതകൾ നിറഞ്ഞ ഒരു ജീവതത്തെ കഴിച്ചുതിനെതന്നെ അവിടുന്നു വി. കുബ്ബാനയിൽ നവീകരിക്കുന്നു എന്നു നമുക്കു ചിന്തിക്കാം. ന. കർത്താവിന്റെ പിറവിക്കാലങ്ങളിൽ നിഷ്കപടന്മാരും സാധുക്കളുമായ ഇടയന്മാരെപ്പോലെയും, അബദ്ധമതങ്ങളെ അനുസരിച്ചിരുന്നവർ എങ്കിലും ദൈവവിളിയെ അനുസരിച്ചു പ്രവർത്തിച്ച മൂന്നു രാജാക്കന്മാരെപ്പോലെയും ഈശോയെ നമുക്കു സന്ദർശിക്കാവുന്നതാണ്. പിറവിക്കാലം കഴിഞ്ഞിട്ടു അൻപതുനോമ്പിന്റെ കാലംവരെയുള്ള ഘട്ടങ്ങളിൽ "നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടു നിന്റെ അപ്പത്തെ നീ ഭക്ഷിക്കും" എന്നു ആദത്തോടു കല്പിച്ച ദൈവംതന്നെ ആ കല്പനയെ പ്രവൃത്തിയുപേണ നമ്മെ പഠിപ്പിച്ചുകൊണ്ടു എതുയും അപ്രസിദ്ധമായ ഒരു ജീവിതത്തെ കഴിച്ചുതുപോലെ വി. കുബ്ബാനയിലും, വിശ്വാസത്തിന്റെ കണ്ണുകൾക്കു മാത്രം ഗോചരീഭവിച്ചുകൊണ്ടു, അവിടന്നു സ്ഥിതി ചെയ്യുന്നതിനെ നമ്മുടെ ചിന്തയുടെ വിഷയമാക്കാം. തപസ്സുകാലങ്ങളിൽ അവിടന്നു വനത്തിൽ പോയി ഉപവസിച്ചതിനേയും ഒടുവിലത്തെ അത്താഴം മുതൽ കുരിശുമരണംവരെ പല സ്ഥലങ്ങളിലായി അനേകവിധകഷ്ടപ്പാടുകളെ സഹിച്ചതിനേയും ഓർമ്മിക്കുന്നതു യുക്തമായിരിക്കും.

ന. കർത്താവിന്റെ ജീവിതത്തിലെ യാതൊരു പ്രത്യേക രഹസ്യങ്ങളെയും കുറിക്കാത്ത കാലങ്ങളിൽ "നമുക്കുവേണ്ടി മാദ്ധ്യസ്ഥം പറവാനായി സദാ ജീവിച്ചിരിക്കുന്നു" എന്നു പൌലോസ്ശ്ലീഹാ ന. ദിവ്യരക്ഷകനെക്കുറിച്ചു പറഞ്ഞിട്ടുള്ളതുപോലെ അവിടന്നു വി. കുബ്ബാനയിൽ, സ്വർഗ്ഗത്തിലെന്നപോലെ സ്ഥിതിചെയ്യുകൊണ്ടു, തന്റെ പിതാവിനോടു ഇടവിടാതെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്നു വിചാരിക്കുന്നതു നമുക്കു എത്രയോ ആശ്വാസപ്രദമാകുന്നു. തന്നെ കുരിശിൽ തുക്കി മരണപീഡകളെ അനുഭവിപ്പിച്ചുകൊണ്ടിരുന്ന കഠിനഹൃദയന്മാരായ ദുഷ്ടയൂദജനത്തിനുവേണ്ടി അവിടന്നു "അവർ ചെയ്യുന്നതു എന്തെന്നു അവർ അറിയാത്തതുകൊണ്ടു അവരോടു ക്ഷമിക്കേണമെ" എന്നു അപേക്ഷിച്ചതുപോലെ തന്നെയാണു നാം ഓരോരുത്തർ ഏതെങ്കിലും വലിയ പാപങ്ങളെ ചെയ്യുമ്പോഴും അവിടന്നു അപേക്ഷിക്കുന്നതു. ഈ ഇടവിടാതുള്ള മാദ്ധ്യസ്ഥാപേക്ഷമൂലമല്ലായിരുന്നു എങ്കിൽ നാം നമുക്കു യോഗ്യമായ നരകപാതാളത്തിലേക്കു പണ്ടേസ്സുപണ്ടേ വീഴുമായിരുന്നു.

ആത്മാവിന്റെ സ്ഥിതിഭേദം— നമ്മുടെ ആത്മാവിന്റെ സ്ഥിതി, സന്ദർശനം ഏപ്രകാരം കഴിക്കേണമെന്നു വിശദമായി നമുക്കു കാണിച്ചുതരുന്നുണ്ട്. ചിലപ്പോൾ വ്യഭിചാരമദ്ധ്യേ പിടിക്കപ്പെട്ടു ന. കർത്താവിന്റെ വക്കൽ കൊണ്ടുവരപ്പെട്ട പാപിയായ സ്ത്രീയെപ്പോലെ നാമും നമ്മുടെ പാപങ്ങളെക്കുറിച്ചു ലജ്ജിച്ചു കരകയും "അവൾ അധികംസ്നേഹിച്ചതുകൊണ്ടു വളരെ പാപങ്ങൾ അവളോടു പൊറുത്തിരിക്കുന്നു" എന്നു മ

റിയം മശലേത്തായെ ഉദ്ദേശിച്ച് അരുളി ച്ചെയ്ത വാക്യങ്ങളെതന്നെ നമ്മോടും അരുളിച്ചെയ്യുന്നതിനായി ഈശോയോട് നാം അപേക്ഷിക്കയും ചെയ്യുന്നതു നന്നാണ്. മറ്റു ചില അവസരങ്ങളിൽ പലവിധ ബുദ്ധിമുട്ടുകൾ കൊണ്ടോ ആവശ്യങ്ങൾ കൊണ്ടോ നാം ഞെരുങ്ങുമ്പോൾ വേദാഗമത്തിൽ പറയുന്ന കുരുടനെപ്പോലെ "ദാവിദിൻ പുത്രനായ ഈശോയെ! എന്നെ അനുഗ്രഹിക്കേണമെ" എന്നോ കുഷ്ഠരോഗിയെപ്പോലെ "നിനക്കു മനസ്സുണ്ടെങ്കിൽ നിനക്കെന്നെ വെടിപ്പാക്കുവാൻ കഴിയും" എന്നോ മ്ശിഹായോട് ഹൃദയപൂർവ്വം നമുക്കു പ്രാർത്ഥിക്കാം. മനോവിഷാദത്തിലൊ സംശയത്തിലൊ ഉൾപ്പെട്ടിരിക്കുമ്പോൾ "ഗുരുവെ! നിത്യജീവൻ പ്രാപിക്കുന്നതിനായി ഞാൻ എന്തു നന്മ ചെയ്യണം" എന്നു ഒരാൾ നമ്മുടെ കർത്താവിനോട് ചോദിച്ചതുപോലെ നാമും ചോദിക്കയും "എന്റെ പിതാവെ! പാടുണ്ടെങ്കിൽ ഈ കാസാ എന്നിൽനിന്നു നീങ്ങിപ്പോകട്ടെ" എന്നു അപേക്ഷിക്കയും ചെയ്യുന്നതായാൽ അവിടന്ന് നിങ്ങൾ പ്രലപിക്കേണ്ട, ഭയപ്പെടേണ്ട, ഞാൻതന്നെയാകുന്നു, ശരണപ്പെടുക, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്നും മറ്റുമുള്ള സമാശ്വാസവചനങ്ങളെക്കൊണ്ട് ശ്ലീഹന്മാരെ ആശ്വസിപ്പിച്ചതുപോലെ നമ്മെയും ആശ്വസിപ്പിക്കുന്നതാണ്. ഇനി സന്തോഷസമ്മിശ്രമായ ആത്മസ്ഥിതിയോടുകൂടെ ഒരാൾ ദേവാലയത്തിൽ പ്രവേശിക്കുന്നു എന്നിരിക്കട്ടെ. അപ്പോഴും മുഖത്തിൽ മന്ദഹാസം സ്ഫുരിച്ചുകൊണ്ട് കാനായിലെ കല്യാണവിരുന്നിൽ സന്നിഹിതനായിട്ട അവിടെ കൂടിയിരുന്നവരെ ഈശോ ആഹ്ലാദചിത്തന്മാരാക്കിതീർത്ത സംഗതി, അയാളുടെ സന്ദർശന വിഷയമാക്കാവുന്നതാണ്.

ഭക്തരും നിഷ്കപടരുമായ ആളുകൾ തങ്ങൾക്കോ തങ്ങൾക്കുള്ളവർക്കോ എന്തെങ്കിലും മനഃക്ലേശമൊ ആപത്തൊ നേരിടുമ്പോൾ സഹവാസികളെയൊ മറ്റുള്ളവരെയൊ കുറ്റം പറയുന്നതിനൊ അല്ലെങ്കിൽ അവരോട് ആലോചന ചോദിക്കുന്നതിനൊ പകരം ഒന്നാമതായി വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ അടുക്കൽ ചെല്ലുന്നതു ഒരു സാധാരണ മുറയാകുന്നു. ഇപ്രകാരം ചെയ്താൽ നമുക്കും മറ്റു മാർഗ്ഗങ്ങളിൽ നിന്നു ലഭിക്കുന്നതിലധികം സമാധാനവും സന്തോഷവും പ്രാപിക്കാവുന്നതാണ്.

മുൻ കാണിച്ച ഏതെങ്കിലും ചില വിധങ്ങളെ ഉപയോഗിച്ചുകൊണ്ട് വി. കുർബാനയെ സന്ദർശിക്കുന്നതായാൽ, സാധാരണ കണ്ടുവരുന്ന പല വിധ ന്യൂനതകളെ പരിഹരിക്കാമെന്നു മാത്രമല്ല നമുക്കു അനല്പമായ പുണ്യയോഗ്യതകളെ സമ്പാദിക്കാവുന്നതുമാണ്.

ഫാ. ഫ്രാൻ.

ദൈവവരപ്രസാദം.

നാം ഈ ലോകത്തിലുള്ള സകല വസ്തുക്കളേക്കാൾ പില പിടിച്ചതായി ദൈവവരപ്രസാദത്തെ മതിക്കേണ്ടതാകുന്നു. നമ്മുടെ കർത്താവിന്റെ തിരുവാക്യംപോലെ ആകാശവും ഭൂമിയും കടന്നുപോകും. എങ്കിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയും നീതിയും നിലനില്പാനെന്നു വി. ആഗസ്തീനോസ് പഠിപ്പിക്കുന്നു. എന്തെന്നാൽ ആകാശവും ഭൂമിയും ദൈവത്തിന്റെ പ്രവൃത്തികൾ മാത്രം ആണ്. എന്നാൽ നീതിമാന്മാർ ദൈവത്തിന്റെ ഛായ അഥവാ സാദൃശ്യം ആകുന്നു. ഇതിനാൽ വി. തോമ്മാ, ആകാശത്തേയും ഭൂമിയേയും സൃഷ്ടിക്കുന്നതിനേക്കാൾ ഒരു പാപി ദൈവവരപ്രസാദം അഥവാ ദൈവേഷ്ടപ്രസാദം പ്രാപിക്കുന്നതിനു ഇടയാക്കുന്നതു വലിയ പ്രവൃത്തിയാണെന്നു അറിയിക്കുന്നു. എന്തെന്നാൽ സൃഷ്ടികൾ കടന്നുപോകുന്നവയും കാലസംബന്ധമായവയും ആയിരിക്കുന്നു. എന്നാൽ രക്ഷയുടെ പ്രവൃത്തി ദൈവസ്വഭാവത്തിൽ പങ്കു കൊള്ളുന്നവയാകയാൽ അതു എത്രയും വലുതായിട്ടുള്ളതാണ്. സൃഷ്ടിയുടെ വേലയിൽ ദൈവം തനിക്കായി ഒരു വാസസ്ഥലം ഉണ്ടാക്കുന്നു. ബുദ്ധിയുള്ള പ്രകൃതിയിൽ മനുഷ്യനെ ഉ

ണ്ടാക്കുകയിൽ ദൈവം തന്റെ ദാസന്മാരെ ഈ വാസസ്ഥലത്തു സ്ഥാപിക്കയാണ് ചെയ്യുന്നത്. എന്നാൽ മനുഷ്യനു വരപ്രസാദം കൊടുക്കയിൽ ദൈവം അവനെ തന്റെ മടിയിൽ സ്വീകരിച്ചു് അവനെ തന്റെ പുത്രനാക്കുകയും തനിക്കുള്ള നിത്യജീവൻ അവനു പ്രദാനം ചെയ്കയും ചെയ്യുന്നു. ആകയാൽ ദൈവവരപ്രസാദം, പ്രകൃതിക്കു മേലായതും, യാതൊരു സൃഷ്ടിയും താനേതന്നെ പ്രാപിക്കയോ അവകാശപ്പെടുകയോ ചെയ്വാൻ പാടില്ലാത്തതും, ദൈവത്തിനുമാത്രം സ്വന്തമായുള്ളതുമായ ഒരു ദൈവദാനമാകുന്നു. ഈ സംഗതിയിൽ വേദശാസ്ത്രികൾ പഠിപ്പിക്കുന്നതു് പ്രകൃതിയാൽതന്നെ ദൈവവരപ്രസാദം പ്രാപിപ്പാൻ പാടുള്ള ഒരു സൃഷ്ടിയെ ദൈവത്തിനുണ്ടാക്കാൻ പാടില്ലെന്നും അങ്ങനെ ഒരു സൃഷ്ടി ഉണ്ടെന്നുവന്നാൽ അതു ദൈവത്തിൽനിന്നു് വ്യത്യാസപ്പെടുന്നതല്ലെന്നും ആണ്. മനുഷ്യനാവട്ടെ മറ്റു യാതൊരുസൃഷ്ടിയാവട്ടെ, പ്രകൃത്യാ തന്നെ ദൈവ വരപ്രസാദം പ്രാപിക്കുന്നില്ലെന്നും വി. ആഗുസ്തീനോസ് അഭിപ്രായപ്പെടുന്നതു പോലെ നിർജ്ജീവവസ്തുവിനു ജീവനോടു എങ്ങനെ സംബന്ധമുണ്ടോ അങ്ങനെ മാത്രമെ വരപ്രസാദത്തോടു പ്രകൃതിക്കു സംബന്ധമുള്ളു എന്നുമുള്ളതിനു സഭയുടെതീർച്ചയായ നിശ്ചയത്തോടു ഈ ഉപദേശംപൂർണ്ണമായിയോജിക്കുന്നു. ജീവനില്ലാത്ത വസ്തുവിനു താനേതന്നെജീവൻ കൊടുക്കാൻ പാടില്ല. തൽമൂലം മറ്റൊരു വസ്തുവിൽനിന്നു അതു പ്രാപിക്കേണ്ടതു ആയിരിക്കുന്നതുപോലെ ബുദ്ധിയുള്ള സൃഷ്ടിക്കു താനേതന്നെ ദൈവ വരപ്രസാദം ഇല്ലാതേയും സ്വപ്രയത്നത്താൽ അതിനെ സമ്പാദിക്കാൻ പാടില്ലാതെയും ഇരിക്കുന്നു. ദൈവം തന്റെ അതിരറ്റ സ്നേഹംമൂലം തന്റെ സർവ്വശക്തിയുടെ ഭണ്ഡാഗാരത്തിൽനിന്നു അതിനെ എടുത്തു കൊടുക്കേണ്ടിയിരിക്കുന്നു. നീതിമാനും പരിശുദ്ധനും ആയിരിക്കുന്നതു ഒരു മനുഷ്യനോ മാലാഖയോ ആകുന്നതിനേക്കാൾ വലിയതാണെന്നു വി. ആഗുസ്തീനോസ് പഠിപ്പിക്കുന്നു. മനുഷ്യാത്മാവിനേക്കാൾ ദൈവവരപ്രസാദം വിലയേറിയതാണെന്നു വി. തോമ്മാമല്പാനും പഠിപ്പിക്കുന്നു. ആകയാൽ ദൈവവരപ്രസാദം പ്രകൃതിയിലുള്ള സകല വസ്തുക്കളേയും കവിഞ്ഞതാണെന്നും ഒരുവിധത്തിൽ അതു ദൈവത്തോടു തുല്യമാണെന്നും പറയാവുന്നതാണ്. ഇതു ദൈവികതത്ത്വത്തിന്റെ അഗാധത്തിൽനിന്നു ബുദ്ധിയുള്ള സൃഷ്ടിയിന്മേൽ വീഴുന്ന ഒരു സ്വർഗ്ഗീയപ്രകാശമാണ്. സൂര്യനേയും അതിന്റെ പ്രകാശത്തേയും തമ്മിൽ വേർപെടുത്താൻ വഹിയാത്തതാണല്ലോ. ഭൂമിക്കു താനേതന്നെ പ്രകാശമില്ലാത്തതിനാൽ സൂര്യൻ ഭൂമിയേക്കാൾ പൂർണ്ണതയുള്ളതും, വലയേറിയതും ആണ്. അതുപോലെതന്നെയാണ് സൂര്യൻ പുറപ്പെടുന്ന പ്രകാശവും. ഈ സാമ്യം വരപ്രസാദത്തിനു ഒപ്പിക്കാവുന്നതാണ്. നമ്മുടെ സ്വഭാവം അഥവാ പ്രകൃതി ദൈവിക സൂര്യന്റെ രശ്മിയുള്ള ഒരു ഭൂമിയാകുന്നു. ആ രശ്മിയാൽ നമ്മുടെ പ്രകൃതി ഔന്നത്യം പ്രാപിക്കയും മഹത്വപ്പെടുകയും ചെയ്യുന്നതിനാൽ അതു ദൈവികമായ ഒരു വസ്തുവായി തീരുന്നു. ദൈവവരപ്രസാദം വഴിയായി നാം അനുഭവിക്കുന്ന ദൈവത്തിൽ സകല വസ്തുക്കളുടേയും പൂർണ്ണത ഉണ്ടായിരിക്കുന്നതിനുപുറമെ അളവില്ലാത്ത വിധത്തിൽ സകല ഉത്തമവസ്തുക്കളേക്കാൾ അവിടുന്നു പരിപൂർണ്ണനുമായിരിക്കുന്നു. ഇതുപോലെ ദൈവവരപ്രസാദവും സൃഷ്ടിക്കപ്പെട്ട സകല വസ്തുക്കളേക്കാൾ വിലയേറിയതാകുന്നു. ജ്ഞാനത്തെപ്പറ്റി വേദപുസ്തകത്തിൽ (സുഭാഷിതം അ. വ വാ. ഫ) ജ്ഞാനം ഏറ്റവും വിലയേറിയ വസ്തുക്കളേക്കാൾ നല്ലതാണെന്നും, ആഗ്രഹിക്കത്തക്ക യാതൊന്നും അതിനോടു ഉപമിക്കാവുന്നതല്ലെന്നും പറയുന്നതു, ഇതിനെപ്പറ്റിയും പറയാവുന്നതാണ്. പൊന്നു, വെള്ളി, അധികാരം, ശക്തി, ശാസ്ത്രവിദ്യ മുതലായ പ്രകൃതിസംബന്ധമായ നന്മകളിൽ നാം എത്രതന്നെ സമ്പന്നന്മാർ ആയാലും മാണിക്യത്തിന്റെ മുമ്പാകെ മൺകട്ട എങ്ങനെയോ അങ്ങനെ മാത്രമേ ഈ സമ്പത്തെല്ലാം ദൈവവരപ്രസാദത്തിന്റെ മുമ്പാകെ നില്പുള്ളു. നേരെ മറിച്ചു നാം എത്രതന്നെ ദരിദ്രന്മാർ ആയാലും

ദൈവവരപ്രസാദം ഒന്നുകൊണ്ടു മാത്രം ലോകത്തിലെ സകല രാജാക്കന്മാരെക്കാൾ നാം അധികം സമ്പന്നന്മാർ ആയിതീരുന്നു. എന്തെന്നാൽ, അതിനാൽ ദൈവം തന്റെ അതിരറ്റ ഉദാരതയിൽനിന്നു നമുക്കു തരുവാൻ പാടുള്ളതിൽ എല്ലാത്തിലും വലിയ നന്മ നാം അനുഭവിക്കുന്നു.

ആകയാൽ കാർഡിനൽ കയെത്താൻ എന്ന മഹാ ശാസ്ത്രി പറയുന്നതു എപ്പോഴും നമ്മുടെ ഓർമ്മയിൽ ഉണ്ടായിരിക്കണം. അദ്ദേഹം പറയുന്നതു വരപ്രസാദത്തിന്റെ വില നാം ഒരിക്കലും മറന്നുകളയരുതെന്നും ഇതു വലിയ സ്നേഹത്തോടുകൂടി ദൈവം സൌജന്യമായി നമുക്കു തരുന്ന ദാനങ്ങളെ നിന്ദിക്കുന്നവർക്കു താൻ ഒരുക്കിവെച്ചിരിക്കുന്ന ശിക്ഷ എപ്പോഴും നമ്മുടെ ഓർമ്മയിൽ ഉണ്ടായിരിക്കണമെന്നും ആണ്. സുവിശേഷത്തിൽ പറയുന്ന രാജാവു ഒരുക്കിയ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ നിസ്സാരങ്ങളായ സന്തോഷങ്ങളെപ്പറ്റി അതിനു വരാതിരുന്നതിനാൽ അവർക്കു സിദ്ധിച്ചതുപോലെയുള്ള ശിക്ഷയാണ് ഇവർക്കും വന്നു ഭവിക്കുന്നതു. വഞ്ചനയും നിർഭാഗ്യവും നിറഞ്ഞ സന്തോഷങ്ങൾ തന്നുകൊണ്ടു നമ്മെ ചതിക്കുന്ന പിശാചിന്റെ ക്ഷണത്തെ സ്വീകരിക്കുന്നതിനായി സ്വർഗ്ഗീയ വിരുന്നിനു നമ്മെ ക്ഷണിക്കുന്ന ദൈവത്തിന്റെ ക്ഷണത്തെ ഉപേക്ഷിക്കുന്നതു എത്ര ബുദ്ധിഹീനതയും നിന്ദാകേടും ആകുന്നു! പിശാചു നമുക്കു നന്മയായിട്ടുള്ളതു യാതൊന്നും തരുന്നില്ല. ഏതെങ്കിലും നന്മയുടെ ഭാഷയിൽ അവൻ നമുക്കു തരുന്നതായാൽ അതു സാക്ഷാൽ നന്മയല്ലാത്തതും നമ്മെ നിത്യമായി നശിപ്പിക്കാൻ തക്കതുംമാത്രം ആയിരിക്കും. എന്നാൽ ദൈവം സൌജന്യമായും അതിരറ്റ സ്നേഹത്തോടുകൂടിയും വിലതീരാത്ത മാണിക്യത്തെ നമുക്കു തരുന്നു. പിശാച വർക്കു വളരെ ലോഭത്തോടുകൂടിയും, അതിരറ്റ ശത്രുതയോടുകൂടിയും മിന്നുന്നതും എന്നാൽ വ്യാജമുള്ളതുമായ നാണയത്തെ നമുക്കു തരുന്നു. ആകയാൽ ഈ വിലതിരാത്ത മാണിക്യത്തെ വിട്ടുകളകയും, അതിനുപകരം വ്യാജനാണയത്തെ വാങ്ങുകയും ചെയ്യുന്നതിനേക്കാൾ ദോഷതരം എന്താണുള്ളതു? പ്രകൃതി സിദ്ധമായ ദാനങ്ങളും ദൈവവരപ്രസാദവും തമ്മിലുള്ള അളവറ്റ വ്യത്യാസത്തെ നോക്കിക്കൊണ്ടു പ്രസ്തുത വരപ്രസാദത്തെ നശിപ്പിക്കുന്ന ചാവുദോഷത്തെ നാം ചെയ്യാതിരിക്കണമെന്നു മാത്രമല്ല അതിനെ വർദ്ധിപ്പിക്കുന്ന പുണ്യങ്ങളെ ചെയ്യുവരികയും വേണം. "കടമി"ല്ലാത്ത ദിവസങ്ങളിൽ കുമ്പാനെ കാണാതിരിക്കയൊ, വല്ല ധർമ്മപ്രവൃത്തി, ആശാനിഗ്രഹം, എളിമ, വല്ല ജപം ഇത്യാദി പുണ്യപ്രവൃത്തികൾ ചെയ്യുന്നതിനുള്ള അവസരം നേരിട്ടുമ്പോൾ അതിനെ ഉപേക്ഷിച്ചുകളകയോ ചെയ്യുമ്പോൾ നാം ദൈവവരപ്രസാദത്തെ നഷ്ടമാക്കികളയുന്നില്ലെങ്കിലും നമ്മിൽ സ്ഥിതി ചെയ്യുന്ന ദൈവവരപ്രസാദത്തെ വർദ്ധിപ്പിക്കാതിരിക്കുന്ന കാരണത്താൽ സംഖ്യയില്ലാത്ത നഷ്ടം നമുക്കു നേരിടുന്നു. എന്തെന്നാൽ ദൈവവരപ്രസാദത്തിന്റെ ഏറ്റവും താഴ്ന്ന ഒരു പദവി (Degree) ലോകത്തിലുള്ള സകല സമ്പത്തുകളെക്കാൾ വിലപിടിച്ചതാകുന്നു. ഒരു ദിവസത്തെ ഉപവാസം കൊണ്ടു് അല്ലെങ്കിൽ ഒരു ചെറിയ ജപം ചൊല്ലിക്കൊണ്ടു അനേകം കപ്പൽനിറയെ പൊന്നും വെള്ളിയും സമ്പാദിക്കാമെന്നായിരുന്നാൽ ആ ലാഭമുള്ള പ്രവൃത്തിയെ ചെയ്യാത്തവൻ ആരാണു? അതൊരു ബുദ്ധിമുട്ടായി കരുതുന്നവൻ എത്ര മഹാ ഭോഷനാണു്? അനേക ലക്ഷം കപ്പലുകൾ നിറയെ കിട്ടുന്ന പൊന്നിനെക്കാളും നിക്ഷേപങ്ങളെക്കാളും വിലപിടിച്ച മോക്ഷസമ്പത്തു ഒരല്പ ബുദ്ധിമുട്ടു നിമിത്തം ഉപേക്ഷിച്ചുകളയുന്നവൻ മേല്പറഞ്ഞവനേക്കാൾ പതിനായിരം മടങ്ങു ഭോഷനാകുന്നു. ഈ സമ്പത്തു കിട്ടുന്നതിനു നമ്മുടെ രക്തം ചിന്തുന്നതിനാവശ്യമില്ല. ഒരു സ്നേഹനെടുവീർപ്പു, ഒരുതുള്ളി കണ്ണീർ, ഒരു നല്ല പ്രതിജ്ഞ, പാപത്തിന്മേലുള്ള നേരായ ദുഃഖം, ഒരു ഉപദ്രവം ക്ഷമിക്കുക, ഈശോയുടെ നേരെയുള്ള സ്നേഹത്തെ ലക്ഷ്യപ്പെടുത്തുന്ന സ്നേഹത്തോടുകൂടിയുള്ള 'ഈശോ' എന്ന തിരുവാക്കിന്റെ ഒരു ഉച്ചാരണം ഇവയെല്ലാം മേല്പറഞ്ഞ

മേക്ഷസമ്പത്തിനെ വർദ്ധിപ്പിക്കുന്നതിനു മർത്യാകുന്നവയാണ്. ഈശോ എന്ന തിരുനാമം മാത്രം ദിവസത്തിൽ ആയിരം പ്രാപശ്യം പറയുമെങ്കിൽ അനേകം ലക്ഷം പവൻ നിറഞ്ഞ പെട്ടികൾ കിട്ടുമെന്നായിരുന്നാൽ ആ തിരുനാമത്തെ അങ്ങനെ ഉച്ചരിക്കാത്തവൻ ഉണ്ടായിരിക്കുമോ? ഇളക്കമില്ലാത്ത വിശ്വാസത്തോടെ ദൈവത്തിൽനിന്നു നമുക്കു ലഭിക്കാവുന്നതായി പാർത്തിരിക്കാവുന്ന നന്മ ഇതിനേക്കാൾ അളവറ്റ വിധത്തിൽ വലിയതാണ്.

Y2ბ3 .2 .ᗡ

ദശവിധി ൨—ാംപ്രമാണം.

"നീ നിന്റെ കർത്താവിന്റെ നാമത്തെ വ്യർത്ഥമായി ഉപയോഗിക്കരുതു"

ഈ രണ്ടാംപ്രമാണം, നാം കർത്താവിന്റെ വിശുദ്ധ നാമത്തെ ബഹുമാനിക്കേണം എന്നും, ദൈവത്തേയും വിശുദ്ധ വസ്തുക്കളേയും സംബന്ധിച്ചു എപ്പോഴും ആദരപൂർവ്വം സംസാരിക്കണം എന്നും കല്പിക്കുന്നു. ദൈവത്തിന്റെയും തന്റെ ഏകപുത്രനായ ന. കർത്താവീശോമ്ശിഹായുടേയും തിരുനാമങ്ങളെ ഭക്തിബഹുമാന പൂർസ്സരം ഉച്ചരിച്ചുകൊണ്ടും, പ്രാർത്ഥിച്ചുകൊണ്ടും നാം ഈ ബഹുമാനത്തേയും വണക്കത്തേയും അറിയിക്കേണം. ഈ പ്രമാണം അസ്പഷ്ടമായി ഇങ്ങനെ കല്പിക്കുന്നു. എന്നാൽ സ്പഷ്ടമായും നേരെയും ദൈവതിരുനാമത്തിനു കാണിക്കേണ്ട ബഹുമാനത്തിനും വണക്കത്തിനും വിരോധപ്രവൃത്തികളായ ദൈവദൂഷണം, കള്ളയാണ, നേർച്ചകളുടെ ലംഘനം എന്നിവകളെ വിരോധിക്കുന്നു.

ദൈവദൂഷണം അഥവാ ദൈവനിന്ദ എന്നതു്, ദൈവത്തിനു ദ്രോഹകരമായി എഴുത്തുകയോ സംസാരിക്കയോ ചെയ്യുന്നതാകുന്നു. ദൈവനിന്ദയാകുന്നതിനു, സ്പഷ്ടമായി ദൈവത്തിനു വിരോധമായി സംസാരിക്കണം എന്നില്ല. പരിശുദ്ധ കന്യകമറിയത്തിനോ, പരിശുദ്ധന്മാക്കോ, പരിശുദ്ധ വസ്തുക്കൾക്കെ വിരോധമായി എഴുതുകയോ പറകയോ ചെയ്യുന്നതു് മതിയാകുന്നു. ഉദാഹരണമായി കത്തോലിക്കാ സഭയ്ക്കും, അതിന്റെ ശ്രേഷ്ഠികൾക്കും, ക്രമാശകൾക്കും എതിരായി ദോഷകരമായി സംസാരിക്കുന്നതു ദൈവത്തെ നിന്ദിക്കുന്നതു പോലെ ആകുന്നു. കാരണം പരിശുദ്ധന്മാരേയും പരിശുദ്ധ വസ്തുക്കളേയും നിന്ദിക്കുന്നതു്, എല്ലാ പരിശുദ്ധതയുടേയും എല്ലാ പരിശുദ്ധ സ്ഥാപനങ്ങളുടേയും കാരണഭൂതനായ ദൈവത്തെ നിന്ദിക്കുന്നതുപോലെ തന്നെയാകുന്നു.

പലതരം ദൈവനിന്ദകൾ ഉണ്ടു. ക. എഴുത്താലും സംസാരത്താലുമുള്ള ദൈവദൂഷണം. ഖ. ദൈവകാര്യങ്ങളെ സംബന്ധിച്ച പരിഹാസങ്ങളിലും ശാപത്തിലും അടങ്ങിയ ദൈവദൂഷണം. ന. നമ്മുടെമേലും അന്യന്മാരുടെമേലും ദൈവത്തിന്റെ പ്രതികാരത്തെ അപേക്ഷിക്കുന്ന പ്രാക്കുകളും ഒരുവക ദൈവദൂഷണമാകുന്നു.

ആണ അല്ലെങ്കിൽ ശപഥം എന്നതു ഒരു സത്യത്തേയോ ഒരു വാഗ്ദത്തത്തേയോ സ്ഥിരീകരിപ്പാനായി ദൈവത്തെ സാക്ഷിയായി വിളിക്കുന്നതാകുന്നു. ഈ പ്രവൃത്തിയെ സ്വയമായി നോക്കിയാൽ നല്ലതും വിശുദ്ധമായുള്ളതും ആകുന്നു. എന്തെന്നാൽ, ദൈവത്തെ സാക്ഷിയായി വിളിക്കുന്നതിൽ, അങ്ങനെ പരമസത്യവാനാകുന്നു എന്നും, അങ്ങനെ സത്യത്തേയും അറിയുന്നവനാകുന്നു എന്നും നാം സാക്ഷിക്കുന്നു.

എന്നാലും ശപഥം ചെയ്യുന്നതു് ന്യായാനുസരണം ആകണമെങ്കിൽ മൂന്നു കാര്യങ്ങൾ ആവശ്യമാകുന്നു. ക. സത്യം, ഖ. നീതി, ന. വിവേകം ഈ മൂന്നും തന്നെ അത്രെ. നാം വാദിക്കുന്ന കാര്യം സത്യമായിരുന്നാൽ മാത്രം പോരാ. അതു ശപഥപൂർവ്വം സ്ഥിരപ്പെടുത്തുന്നതിനു ന്യായമുള്ള കാരണംകൂടെയും ഉണ്ടായിരിക്കണം. ആകയാൽ അസത്യമായ കാര്യത്തേയോ, സംഭവത്തേയോ സ്ഥിരീകരിപ്പാൻവേണ്ടി ആണയിടുന്നതു ഘനമായ പാപമാകുന്നു. എന്നാൽ സത്യമുള്ളവയെങ്കിലും നിസ്സാരങ്ങളായ കാര്യങ്ങൾക്കായി സത്യം ചെയ്യുന്ന

തും തെറ്റാകുന്നു. എന്തെന്നാൽ അല്പ കാ
യ്ങ്ങൾക്കുവേണ്ടി ദൈവത്തെ സാക്ഷി
വിളിക്കുന്നതു് ദൈവമഹിമയ്ക്കു യോജി
ക്കാത്തതാണല്ലൊ.

നാം വാഗ്ദത്തം ചെയ്ത കായ്ങ്ങ
ൾ തെറ്റായവയും വിലക്കപ്പെട്ടവയുമ
ല്ലെങ്കിൽ, ആണയാൽ ഉറപ്പിക്കപ്പെട്ട
വാഗ്ദത്തങ്ങളെ നാം നിവർത്തിക്കണം.
എന്നാൽ ദൈവപ്രമാണത്തിനു വിരോ
ധമായ യാതൊരു ശപഥവും നമ്മെ ക
ടപ്പെടുത്തുന്നതല്ല. ഇങ്ങനെയുള്ള ശപ
ഥങ്ങളെ ചെയ്യുന്നതു പാപമാകുന്നു.
ഹേറോദേസിന്റെ ശപഥം ഇപ്രകാര
മുള്ളതായിരുന്നു. ഇവകളെ നിവർത്തിക്ക
മെങ്കിൽ അതു് വേറൊരു പാപവുമാകു
ന്നു. ന. ക. ഈശോമ്ശിഹാ സുവി
ശേഷത്തിൽ, നാം ഒരിക്കലും ആണയിട
രുതു് അതായതു നന്നാ അപൂർവ്വമായും
ന്യായമുള്ള കായ്ങ്ങളിലും മാത്രമേ ശ
പഥം ചെയ്യാവു എന്നു കല്പിച്ചിരിക്കുന്നു

പ്രിയമുള്ള വിശ്വാസികളെ! ഇതു്
ഒരു വിലപറിയമായ വാസ്തവമല്ലായിരു
ന്നെങ്കിൽ ഒരു മനുഷ്യൻ തന്റെ സൃഷ്ടി
താവിനു വിരോധമായി ഇത്ര അതിക്രമ
മായ അധിക്ഷേപങ്ങളെ ഉച്ചരിക്കത്തക്ക
വണ്ണം, ഇത്ര ദുഷ്ടതയുടേയും സാഹസ
ത്തിന്റെയും ബുദ്ധിഭ്രമത്തിൽ എത്തും എ
ന്നു ആർ വിശ്വസിക്കുമായിരുന്നു. എന്നാ
ൽ നാം ചണ്ഡാളന്മാരായ ദൈവനിന്ദ
കന്മാർക്കുവേണ്ടി പ്രാർത്ഥിക്ക. ഇത്ര ഘോ
രതരമായ പാപത്തിൽനിന്നു അങ്ങുന്നു
നമ്മെ കാപ്പാൻ നാം അപേക്ഷിക്ക.
അങ്ങേ തിരുനാമത്തിനു ചെയ്യപ്പെട്ടന്ന
ദ്രോഹപരിഹാരാർത്ഥം ദൈവത്തിന്റെ
തിരുനാമം അനുഗ്രഹിക്കപ്പെട്ടതാകട്ടെ,
തന്റെ ഏകപുത്രനും നമ്മുടെ കർത്താവു
മായ ഈശോമ്ശിഹായുടെ തിരുനാമം
അനുഗ്രഹിക്കപ്പെട്ടതാകട്ടെ, എന്നു നാം
ക്കുടെക്കുടെ പ്രാർത്ഥിക്കണം.

ഫ്രാൻ. ഷാ. ൻ.

ഇങ്ങനെതന്നെ അല്ലേ?

നമ്മുടെ പ്രാർത്ഥന വളരെ ശ്രദ്ധ
യിൽ ചൊല്ലിത്തീർക്കുന്നതിനായി വിശ്വാ
സവളരെ ശ്രമിക്കുന്നുണ്ടു്. നാമും പ
ല നിസ്സാര കാരണങ്ങളെക്കുറിച്ചു് മ
തിനെ പിന്നിടാകാമെന്നുവച്ചു്, മനി
വസ്തുനന്നും ഒട്ടും അസാധാരണമല്ല. ഒ
രു സ്ത്രീ വസ്ത്രാഭരണങ്ങളെക്കൊണ്ടു ത
ന്നത്താൻ അലങ്കരിക്കുന്നതിനു ഒരു നി
ശ്ചിതനേരം മുഴുവൻ ചെലവാക്കിയാലും
അവൾക്കു് അതിൽ യാതൊരു ബുദ്ധിമു
ട്ടും തോന്നുന്നില്ല. എന്നാൽ അതേ വി
നാഴിക മുട്ടുകുത്തി നിൽക്കുന്നതു അവൾ
ക്കു ദുസ്സഹമാണു്. ഗൌരവമുള്ള സ്ത്രീക
ൾക്കുടെയും ഓരോ വെടിയും പറഞ്ഞു ദീ
ർഘനേരം ദുർവ്യയം ചെയ്യുന്നു. എന്നാ
ൽ പ്രാർത്ഥനയിൽ ദൈവത്തോടു സം
സാരിക്കുന്ന കാര്യത്തിൽ വളരെ ക്ഷീണം
അവർക്കു തോന്നുന്നു. പുരുഷന്മാർ വർത്ത
മാനപത്രം വായിച്ചുകൊണ്ടും രാജ്യഭര
ണസംബന്ധമായ കാര്യങ്ങളെപ്പറ്റി ത
ർക്കിച്ചുകൊണ്ടും ദിവസം മുഴുവൻ ചെല
വഴിക്കും. പക്ഷെ ദിവസത്തിൽ ഒരു
പ്രാവശ്യമെങ്കിലും കുറെ വിനാഴിക പ്രാ
ർത്ഥനയ്ക്കായി വിനിയോഗിക്കുന്നതു ദുസ്സ
ഹമായ തലവേദനയ്ക്കു തുല്യമാണ്. പ്രാ
ധാന്യംകൊണ്ടു എല്ലാത്തിനേക്കാളും മു
ന്നണിയിൽ നിൽക്കുന്ന പ്രാർത്ഥനയെ, വ
ല്ലവിധത്തിലും ഈ ചുമട്ടുതലയിൽനിന്നു
ഇറക്കിയാൽ മതി എന്നുള്ള ഭാവത്തിൽ,
ധൃതിയിൽ ചൊല്ലിത്തീർക്കയൊ, മാറി
വയ്ക്കയൊ, പലപ്പോഴും തീരെ ഉപേ
ക്ഷിക്കയൊ ചെയ്യുന്നതിൽ സന്താപസ
മ്മിശ്രമായ ആശ്ചര്യം തോന്നിപ്പോകുന്നു
എന്നല്ലാതെ മറ്റൊന്നും പറവാൻ കാ
ണുന്നില്ല.

ഫ്രാൻ. ഷാ.

ഒരു കത്തോലിക്കന്റെ ചുമതല.

ഒരുലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരി
ക്കുന്ന ശക്തികളിൽവച്ചു ഏറ്റവും വലിയ ശ
ക്തി മതമാകുന്നു. മതസംബന്ധമായ പ്ര
വൃത്തികൾ ക്രിസ്തുമത സ്ഥാപനത്തിന്റെ
ശേഷം പൂർവ്വാധികം വർദ്ധിച്ചുവരുന്നുമുണ്ടു.
സത്യം എന്താണു? സത്യം എവിടെകാണു
വാൻകഴിയും? എന്നുള്ള ചോദ്യം കത്തോ
ലിക്കാപള്ളിയുടെ മതിലിനുപുറമെ സ്പ്ര

ു കേൾക്കപ്പെട്ടുന്നുണ്ട്. വളരെ അളവിൽ വിശ്വാസത്തിന്റെ നശിച്ചുപോയിരിക്കുന്നു നാണയത്തെ അന്വേഷിച്ചു് എടുക്കിലും മൂലയിലും തന്നെ തിരയുന്നുണ്ടെങ്കിലും സാക്ഷാൽ അതു ഇരിക്കുന്ന സ്ഥലത്തെ കാണുന്നില്ല. ഏകസത്യ തിരുസഭയുടെ പഠനങ്ങളെ സംബന്ധിച്ചു പ്രോട്ടസ്റ്റാന്റുകാർ, കാവ്യർ മുതലായവരുടെ അജ്ഞതയേയും ദുർബുദ്ധിയേയും, ഇല്ലാതാക്കുന്നതിനു് ഓരോ ലഘുലേഖകളും പത്രങ്ങളും എത്രമാത്രം ഉപകരിക്കുന്നു് സ്പഷ്ടമെങ്കിലും വായനയിൽ അഭിരുചി ഉള്ള എല്ലാവർക്കും തന്നെ അറിയാവുന്നതാണ്. കത്തോലിക്കരല്ലാത്ത പ്രോട്ടസ്റ്റാന്റുകാർ മുതലായവരുടെ മാനസ്സാന്തരമെന്ന മഹോന്നത ജോലിക്കായി വിവേകത്തോടുകൂടിയ പുണ്യശ്രുശ്രൂഷാന്തിയും പരസ്നേഹവും പ്രോത്സാഹിപ്പിക്കുന്നിടത്തോളം ഓരോ കത്തോലിക്കനും യഥാശക്തി ചെയ്യാൻ പാടുള്ളതൊക്കയും ചെയ്യേണ്ടതാണ്. കത്തോലിക്കരൊ കാതോലിക്കേതരന്മാരൊ ആയ നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയും, അവക്കു സന്മാതൃക കാട്ടികൊടുക്കയും, സുജ്ഞാനത്തെ പ്രദാനം ചെയ്യുയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യകർമ്മമാകുന്നു.

൧൮൯൨ . ൨ . ൨

വലിയവർ എന്നു സ്വയംകരുതുന്നവരുടെ ചിന്തയ്ക്കു.

ഇംഗ്ലണ്ടിലെ വിശുദ്ധന്മാരിൽ ഒരാരാൽ ആയ ഒസ്മൻഡി (St. Osmund) ന്റെ ചരിത്രകർത്താക്കൾ ഈവിധം എഴുതിയിരിക്കുന്നു. ആ വിശുദ്ധൻ പതിവുപോലെ ഒരിക്കൽ പള്ളിയിലേക്കുപോകയിൽ പിശാചു അദ്ദേഹത്തിന്റെ വഴി മുടക്കുവാൻ ശ്രമിച്ചു. 'നീ ആരാകുന്നു' എന്നു ഒസ്മൻഡ് ചോദിച്ചതിനു 'ഞാൻ സാത്താൻ ആകുന്നു. നീ മുഖാന്തരം പ്രതിദിനം എനിക്കു വലിയ നാശങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ നിന്റെ നല്ല ഉദ്ദേശത്തിൽനിന്നു നിന്നെ തടയണം എന്നു ഞാൻ ആഗ്രഹിക്കുന്നു' എന്നായിരുന്നു മറുപടി. 'ഞാൻ നിനക്കു എന്തുപദ്രവം ആണ് ചെയ്യുന്നത്' എന്നു പരിശുദ്ധൻ ചോദിക്കയിൽ പിശാചു ഈവിധം ആണ് ഉത്തരം പറഞ്ഞതു്. 'നന്മയിൽ നീ യാതൊരു വിധത്തിലും എന്നെക്കാൾ മേൽ അല്ല. എന്തുകൊണ്ടെന്നാൽ നീ ഉപവസിക്കുന്നു, ഞാൻ ഒരിക്കലും ഭക്ഷിക്കുന്നില്ല; നീ ഉറക്കൊഴിഞ്ഞിരിക്കുന്നു, ഞാൻ അശേഷം ഉറങ്ങുന്നില്ല; നീ പരിശ്രമിക്കുന്നു, എന്നാൽ ഞാൻ അല്പവിശ്രമം പോലും അനുഭവിക്കുന്നില്ല. എങ്കിലും ഒരു സംഗതിയിൽ നീ എന്നെക്കാൾ ഗുണവാൻ ആകുന്നു. നീ നിന്നെത്തന്നെ നിസ്സാരനായി കരുതുന്നു. ഈ നിന്റെ വിനയം ആകുന്നു നിന്നെ ജയിക്കുന്ന വിഷയത്തിൽ എനിക്കു വിരോധമായി നിൽക്കുന്നതു്."

റമ്പോളാ കർദ്ദിനാൾ അവർകളുടെ മരണശാസനം.

ഈ കഴിഞ്ഞ ശതാബ്ദത്തിൽ ഉണ്ടായിട്ടുള്ള മഹാന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിട്ടുള്ള അത്യുന്നത കർദ്ദിനാൾ റമ്പോളായുടെ മരണശാസനം സന്തോഷാവഹവും അനുകരണീയവുമായിരിക്കുന്നു. അവിടുന്നു്, മരണത്തിനു് കുറെക്കാലം മുമ്പു തന്നെ സ്വന്ത കൈപ്പടയിൽ എഴുതി വച്ചിട്ടുണ്ടായിരുന്ന ഈ ശാസനത്തിന്റെ ഒരു അനുപദതജ്ജിമ കൃസുമവായനക്കാരുടെ അവലോകനത്തിനായി താഴെ ചേർത്തുകൊള്ളുന്നു. "ബാവാപുത്രൻ കൃഹാദ്ക്കദശായായ എത്രയും പരിശുദ്ധ ത്രീത്വത്തിന്റെ നാമത്തിൽ ആമ്മേൻ. മനുഷ്യജീവന്റെ അസ്ഥിരതയേയും ക്ഷണഭംഗുരത്തേയും ഈ കാലത്തിലെ ക്ലേശാഭത്തേയും വിചിന്തനം ചെയ്തുകൊണ്ടും, അപ്രതീക്ഷിതമായി വരാവുന്ന മരണത്തെ സദാ സ്മരിച്ചുകൊണ്ടും സുബോധത്തോടുകൂടെയും തിരുസഭാ ഭരണസംബന്ധമായും രാജ്യഭരണസംബന്ധമായും എനിക്കു നൽകപ്പെട്ടിട്ടുള്ള അധി

കാരങ്ങളെ വിനിയോഗിക്കുന്നതിനു മനസ്സായിക്കൊണ്ടും സ്വന്ത കൈപ്പടയിൽ എഴുതപ്പെട്ടിട്ടുള്ള ഈ ശാസനത്തിൽ ഞാൻ താഴെക്കാണുന്ന പ്രകാരം നിശ്ചയം ചെയ്യുന്നു. ഞാൻ ഐഹികവാസം അവസാനിപ്പിക്കുന്ന ക്ഷണത്തിൽ തന്നെ എല്ലാത്തിനും മുമ്പായി, ദൈവത്തിൽ നിന്നു ലഭിച്ചിരിക്കുന്ന അനേക ഉപകാരങ്ങൾക്കായി, അങ്ങേ നേക്കുള്ള എന്റെ താഴ്മയുള്ളതും ഹൃദയപൂർവ്വകവുമായ കൃതജ്ഞതയാൽ പ്രേരിതനായിട്ടു എന്റെ സൃഷ്ടാവും പ്രിയ രക്ഷകനുമായ ദൈവത്തിന്റെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിച്ചുകൊള്ളുന്നു. ഈ രക്ഷകൻ എനിക്കുവേണ്ടി ചിന്തിയ അമൂല്യരക്തത്തിന്റെ അതിരറ്റ യോഗ്യതകളും, എപ്പോഴും കന്യകയും അമലോത്ഭവിയും ആയ അങ്ങേ ഭാഗ്യപ്പെട്ട മാതാവിന്റെയും, സകല വിശുദ്ധന്മാരുടെയും എന്റെ പ്രത്യേക മദ്ധ്യസ്ഥന്മാരുടെയും ശക്തിയേറിയ ഒത്താശയും വഴിയായി, അനവധി പാപങ്ങളെ ചെയ്തിട്ടുള്ളവനെങ്കിലും, രക്ഷപ്രാപിക്കുമെന്നു ഞാൻ ആശിക്കുന്നു. ജീവൻ എന്റെ ശരീരത്തിൽ നിന്നു വിടരിയുമ്പോൾ അതിനെ ക്രമാനുസരണം വസ്ത്രം ധരിപ്പിച്ചിട്ടു സാധാരണ വിധത്തിൽ ഭേദനം ചെയ്യേണമെന്നല്ലാതെ സുഗന്ധദ്രവ്യങ്ങളെക്കൊണ്ടു പരിമളപ്പെടുത്തുന്നതിനോ പ്രത്യേകവിധത്തിൽ അതിനോട് ചെയ്യപ്പെടുന്നതിനോ ഞാൻ ആഗ്രഹിക്കുന്നില്ല. കർത്തിനാളന്മാരുടെ ശവസംസ്കാരകർമ്മം ക്രമപ്പെടുത്തുന്നതിനു അധികാരം സിദ്ധിച്ചിട്ടുള്ള പൊൻറിഫിക്കൽ സെറിമണി മാസ്റ്ററിന്റെ ആജ്ഞവിട്ട് നിങ്ങൾ അസാധാരണമായി യാതൊന്നും പ്രവർത്തിക്കേണ്ടതില്ലെന്നു എന്റെ അവകാശികളോട് ഞാൻ ആജ്ഞാപിക്കുന്നു. എന്റെ മരണം കഴിഞ്ഞാലുടനെ എന്റെ അവകാശികൾ ഒരു കുബ്ബാനക്കു അഞ്ചലീര (ഒരുവക നാണയം) വച്ചു ൨൦൦ കുബ്ബാന എന്റെ ആത്മാനുകൂലാർത്ഥം ചൊല്ലിക്കണം. ഞാൻ ഉൽപ്പെട്ടിരിക്കുന്ന വിശ്വാസ പ്രചാരക തിരുസംഘത്തിന്റെ കപ്പേളയിൽ 'കമ്പോ വെറാനോ' എന്ന സിമിത്തേരിയിൽ തല്ക്കാലത്തേക്കു എന്റെ ശവമടക്കണം. നിയമത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കാലാവധിയുടെ ശേഷം, നിത്യശവകുടീരമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന വി. ചിച്ചിലിയായുടെ ദേവാലയത്തിൽ എന്റെ അവശിഷ്ടങ്ങളെ യാതൊരാഘോഷവും ക്രമാതെ എന്റെ അവകാശികൾ കൊണ്ടുപോയി അടക്കണമെന്നാണ് എന്റെ ആഗ്രഹം. എന്റെ ശവകുടീരത്തിന്മേൽ മംശിഹായുടെ അടയാളമായ കുരിശുംഅതിനു താഴെയായി 'എന്റെ മാറ്റമില്ലായ്മ വരുന്നതുവരെഞാൻ പ്രതീക്ഷിച്ചിരിക്കും' എന്നവേദവാക്യവും കൊത്തപ്പെട്ടതായ ഒരു മാബിൾക്കല്ലു സ്ഥാപിക്കണം. ഇതല്ലാതെ മറ്റു യാതൊരു ശിലാലിപികളും അവിടെ സ്ഥാപിക്കരുതെന്നു എന്റെ അവകാശികളെ ഞാൻ മുടക്കുന്നു. പൊതു അവകാശികളായിവിൻ ചോൻസൊ, പ്രൻസിക്കൊ എന്ന എന്റെ ഇരു പ്രിയസഹോദരന്മാരെയും എലയനോറാഎന്ന പ്രിയ സഹോദരിയേയും ഞാൻ നിശ്ചയിച്ചിരിക്കുന്നു. എന്റെ പത്രിമോനിയിൽനിന്നും പിതൃസ്വത്തുക്കളിൽ നിന്നുമുള്ള വരുമാനം മരണംവരെ എന്റെ പ്രിയപ്പെട്ട അമ്മയായ ഒർസോലിനാ അനുഭവിക്കണമെന്നാണ് എന്റെ ആഗ്രഹം. പരി. പിതാവു ലെയോൻ മാപ്പാപ്പാ തിരുമനസ്സിലെനേക്കും എനിക്കുള്ള വണക്കത്തിന്റെയും കൃതജ്ഞതയുടെയും സൌഹാർദ്ദത്തിന്റെയും ലക്ഷ്യമായി അവിടത്തെ ഉരുപ്പെട്ടജൂബിലി സുദിനമായ ൧൯൦൦-ാംആണ്ട് തിരുസിംഹാസനവും കൊളംബിയാ ജനാധിപത്യഗവമ്മെണ്ടും തമ്മിൽ കൊൺകോർഡാറ്റു് ഉടമ്പടി നടത്തിയ ഘട്ടത്തിൽ ടി. ഗവമ്മെണ്ടു എനിക്കു സമ്മാനിച്ച വജ്രഖചിതമായ സ്വർണ്ണമോതിരത്തെ തിരുമനസ്സുകൊണ്ടു സ്വീകരിപ്പാൻ തിരുവുള്ളമുണ്ടാകേണമെന്നു ഞാൻ സവിനയം യാചിച്ചുകൊള്ളുന്നു. വി. ചിച്ചിലിയായുടെ ദേവാലയത്തിനു വൈദികസ്ഥാനചിഹ്നങ്ങളായ വസ്ത്രങ്ങളും മുടികളും മാലകളോടുകൂടിയ മൂന്നു പൊൻകുരിശുകളും വല രാജകീയ കോർട്ടുകളിൽനിന്നു ലഭിച്ചിട്ടുള്ള ചമയക്കോപ്പുകളും പ്രത്യേകമായി സ്പെയിനിലെ റീജൻറുരാജ്ഞിയിൽ നിന്നും ലഭിച്ചിട്ടുള്ള രത്നഖചിതമായ മോ

തിരവും ഞാൻ ദാനം ചെയ്യുന്നു. പള്ളി ഉപയോഗത്തിനു തക്കുന്ന സാമാനങ്ങളൊ ഴികെ മറവുള്ളവ വിറവുവരുന്ന മുതൽകൊ ണ്ടു വി. ചിച്ചിലിയായുടെ പീഠം കമനീ യമാക്കിത്തീക്കണം. ഈ കായ്ത്തിലേക്കാ യിതന്നെ അയ്യായിരം ലീര ഈ ദേവാ ലയത്തിൽ എന്റെ പിൻഗാമിയായി വ രുന്ന കർദിനാൾ ആവശ്യപ്പെടുന്നപക്ഷം എന്റെ അവകാശികൾ കൊടുക്കണം."

ഇതുകൂടാതെ പലവിലപിടിച്ച സാ മാനങ്ങൾ സ്മരണജ്ഞാപകമായി തന്റെ പല സ്നേഹിതന്മാക്കും, തന്റെ ഭൃത്യന്മാ രിൽ ഓരോരുത്തക്കും ഒരു വർഷത്തെ ശ മ്പളംപീതവും തന്റെ വിശ്വസ്ഥപരിചാ രകനായ കറേത്തിക്കു വിശേഷാൽ മൂവാ യിരം ലീരയും കൊടുക്കുന്നതിനു ഈ മഹാ നുഭാവൻ ഏർപ്പാട ചെയ്തിട്ടുണ്ടായിരുന്നു.



തിരുഹൃദയ ഭക്തന്മാർ

ഫൻഫര ജൂൺമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

"തിരുഹൃദയഭക്തിയുടെ വർദ്ധനവ്."

തിരുസഭ ഓരൊ പ്രത്യേക ഭക്തികൃ ത്യങ്ങളെ വിശ്വാസികളുടെ ഇടയിൽ ന ടപ്പാക്കുന്നതു ഓരൊ പ്രത്യേക ഉദ്ദേശ്യ ങ്ങളോടുകൂടിയാണു. തിരുസഭയുടെ ശ ത്രുക്കൾപൂർവ്വാധികംവർദ്ധിച്ചുവരുന്നതുകൊ ണ്ടും വിശ്വാസികളുടെ ഇടയിൽ ക്രൂടെ യും ദുഷ്മ്മങ്ങൾ ഒട്ടും കുറവില്ലാത്തതി നാലും നീതിപ്രകാരം ഉളവായിക്കൊ ണ്ടിരിക്കുന്ന ദൈവകോപത്തെ ശാന്തമ പ്പെടുത്തുന്നതിനും; വി. കുർബ്ബാനയിൽ തന്നെത്തന്നെ നമുക്കു ഭക്ഷണപാനീയ ങ്ങളായിതന്നുകൊണ്ടു നമ്മെ അമിതമാ യി സ്നേഹിക്കുന്ന ഒരാശൊ, ഒരാ പര മൈത്രൊപ്പിപ്പാൻ വഹിയാത്ത ദാനം വ ഴിയായിതന്നെ, അനുഭവിക്കുന്ന നിന്ദാ വമാനങ്ങളെ പരിഹരിക്കുന്നതിനും ഉ ള്ള ഒരുത്തമമാർഗ്ഗമായിട്ടാണു തിരുഹൃദ യഭക്തി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു. ഒരാ ഉദ്ദേശ്യസാധ്യത്തിനായി ശ്രമിക്കുന്ന തിനു നാം എല്ലാവരും കടപ്പെട്ടവരാ ണു. മാത്രമല്ല "മനുഷ്യനെ എത്രയും പുതുങ്ങിയ സമയംകൊണ്ടു ഏറ്റവും വലി യ പുണ്യപൂർണ്ണതിൽ എത്തിക്കുന്നതിനും ഒരാശൊമ്മ് ശിഹായിക്കു ശ്രുശ്രൂഷചെയ്യു ന്ന ഒരാൾ അനുഭവിക്കുന്ന മാധുര്യത്തെ അവനെ അനുഭവിപ്പിക്കുന്നതിനും തിരു ഹൃദയ ഭക്തിയെപോലെ ജ്ഞാനജീവി തത്തിൽ മറൊരു ഭക്തി ഉള്ളതായി എ നിക്കറിവില്ല" എന്നു തിരുഹൃദയഭക്തിയു ടെ പ്രേഷകയായ ഭാഗ്യപ്പെട്ട അലക്കൊ ക്കു മറിയം പറയുന്നു. ഏതെങ്കിലും ഒരു കായ്യം ബുദ്ധിമുട്ടോടുകൂടിയൊ, വളരെ സൌകയ്ത്തിലൊ സാധിക്കാൻ പാടുള്ള പ്പോൾ പ്രയാസമുള്ള മാർഗ്ഗത്തെ തേടുന്ന തു മനുഷ്യനു സഹജമായിട്ടുള്ളതല്ല. അ പ്രകാരംതന്നെ പുണ്യവതിയുടെ മേൽ ഉ ദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽനിന്നു തെ ളിവാകുന്നതുപോലെ തിരുഹൃദയസഭയി ൽ ക്രൂടുന്നതു നിത്യരക്ഷപ്രാപിക്കുന്നതി നു എത്രയും എളുപ്പമുള്ള ഒരു മാർഗ്ഗമായി രിക്കെ അതിനെ അനുഗമിക്കാതെ മറ്റു ചില ഭക്തികൃത്യങ്ങളെമാത്രം അനുഷ്ഠി ക്കുകൊണ്ടു തൃപ്തിപ്പെട്ടിരിക്കുന്നതു ഒരു വിധ ബുദ്ധിശൂന്യമായ പ്രവൃത്തി എന്നെ പറവാനുള്ളു. എന്നാൽ കത്തോലിക്കാ ലോകത്തിനു പൊതുവായും നമ്മിൽ ഓ രോരുത്തക്കും പ്രത്യേകിച്ചും അവശ്യാവ ശ്യമായിരിക്കുന്ന നന്മകളെ ലഭിക്കുന്നതി നു ഉത്തമമാർഗ്ഗമായ ഒരാ ഭക്തിക്കു നമ്മു ടെ നാട്ടകളിൽ ഇനിയും നല്ല പ്രചാ രം സിദ്ധിച്ചിട്ടില്ലെന്നു പറയേണ്ടിവരു ന്നതിൽ അനല്പമായ വ്യസനമുണ്ടു. ഒരാ ഭക്തിയുടെ ആവശ്യകതയെപ്പറ്റി പറയു ന്ന ഒരാ ഘട്ടത്തിൽ ഇതിന്റെ അനുഷ്ഠാ നത്തെപ്പറ്റിയും സംക്ഷേപം പറയുന്നതു യു

ക്തമായിരിക്കുമല്ലൊ. പലരും ൟ സഭയിൽ കൂടുന്നതിൽ ജാഗ്രുകന്മാരായി കാണപ്പെടുന്നുണ്ട്. എന്നാൽ കൂടികഴിഞ്ഞിട്ടുള്ള അവരുടെ ചുമതലയെ ശരിയായി നിവ്വഹിക്കുന്നവരിൽ അത്രതാല്പൎയ്യം പ്രദർശിപ്പിച്ചുകാണുന്നില്ല. അന്യൊവരെ നിൽക്കുന്നവനെ, ജയമുടിധരിക്കയുള്ള എന്ന സാരവാക്യം എല്ലാവരും സദാ സ്മരിക്കേണ്ടതാണ്. ൟ സഭയിൽകൂടി പേരെഴുതിച്ചുകഴിഞ്ഞാൽ പിന്നെ വലിയതായിട്ടൊന്നും ചെയ്യേണ്ടതില്ല. ദിനം പ്രതി കാലത്തു് 'കാഹ്ലവെപ്പു്' ജപം മാത്രം ചൊല്ലിയാലും ഒന്നാം പദവിയിൽ ഉൾപ്പെടുന്നതാണ്. രണ്ടാം പദവിയിൽ ചേരുന്നതിന്നു് ഫ്രഅ. ഫ്രാന. ചൊല്ലണം. മൂന്നാം പദവിയെ പ്രാപിക്കുന്നതിന്ന മാസം പ്രതി ഏങ്കിലും പരിഹാര കൂമ്പാന കൈക്കൊള്ളപ്പാടു കഴിക്കണം. വളരെ എളുപ്പത്തിൽ സാധിക്കാവുന്ന ൟ നിസ്സാരകടമകളെ നിറവേറുന്നതിൽ ഉള്ള മനസ്സുകേടുകൊണ്ടു വളരെ ആളുകൾ ൟ സഭയിൽ കൂടാതിരിക്കുന്നതു ന. കന്യാവിന്ന എത്രയൊ ദുഃഖകരമാണെന്നും, ൟശൊ മ്ശിഹാതന്നെ വി. അലക്കോക്കു് മറിയത്തിന്ന പ്രത്യക്ഷനായിട്ടു് അവൾക്കറിയിച്ചുകൊടുത്ത ൟ ഭക്തിയെ സാരംവസ്സാക്കുന്നതു അങ്ങേക്കെത്രയൊ നീരസം വരുത്തുന്നതാണെന്നും ഗ്രഹിച്ചുകൊണ്ടു തിരുഹൃദയ ഭക്തന്മാർ ൟ ഭക്തി പൂവ്വാധികം വൎദ്ധിക്കുന്നതിനായി പ്രത്യേകം പ്രാൎത്ഥിക്കേണ്ടതാണ്

(ഏത്രയും ദയയുള്ള മാതാവെ.)

(രാഗം Avemaria.)

ഏറ്റം ദയയുള്ള– കന്യകമരിയെ,
നിന്റെ സങ്കേതത്തിൽ–ഓടിഅണയുന്നു
നിന്റെസഹായത്തെ-പ്രാൎത്ഥിച്ചവരെനീ
നിരസിച്ചതായി– കേട്ടിട്ടില്ലെന്നോൎക്ക
ഇത്തരമാശയിൽ–ദൃഢരായിക്കൊണ്ടു
നിന്റെ ആശ്രയത്തിൽ– ഓടിവന്നീടുന്നു
നിൎമ്മല കന്യകാ–രത്നമേ മാതാവേ!
നിന്നുടെ സമക്ഷം–പാപി നില്ക്കുന്നയ്യോ
എന്റെപ്രാൎത്ഥനയെ–തിരസ്കരിക്കാതെ
ഏറ്റരുളേണമെ,–വചനമാതാവേ.

ആമ്മേൻ.

ലോകവൎത്തമാനച്ചുരുക്കം.

ചങ്ങനാശേരിമിസത്തിന്റെവി. അ. നി. വ. ദി. ശ്രീ കയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ അവർകൾ കഴിഞ്ഞ മാസം ൨൦൯- പ. പിതാവിനെ സന്ദൎശിച്ചതായി പരദേശവൎത്തമാനപത്രങ്ങളിൽ നിന്നും ഇവിടെ കിട്ടിയ എഴുത്തുകൊണ്ടും അറിയുന്നു.

പ. പിതാവു തിരുമനസ്സുകൊണ്ടു അനാഥകുട്ടികൾക്കും ദരിദ്രരായ വൃദ്ധജനങ്ങൾക്കുംവേണ്ടി സ്വന്തജനനസ്ഥലമായ റീസിൽ (Riese) ഒരു ധൎമ്മസ്ഥാപനം ഏൎപ്പെടുത്തുന്നതിന്ന തീൎച്ചയാക്കിയിരിക്കുന്നു. തിരുമനസ്സിലെ പരേതയായ സഹോദരിയുടെ സാദരസ്മരണക്കായി അതു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നാണ് പൊതുജനങ്ങളുടെ ബോധം.

തൃശ്ശിവപേരൂർ വികാരിയത്തിൽ ഉൾപ്പെട്ട പുത്തഞ്ചിറ എന്ന സ്ഥലത്തു തിരുക്കുടുംബത്തിന്റെ കന്യകാസഭ ഈയിട ആദ്യമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

നി. വ. ദി ശ്രീ ചങ്ങനാശേരി മെത്രാനച്ചൻ അവർകൾ റോമ്മായിൽനിന്നു മടങ്ങിഎത്തുന്ന സന്ദൎഭത്തിൽ കത്തോലിക്കസുറിയാനി ക്രിസ്ത്യാനികളുടെ സമ്മേളനത്തിൽ നിന്നു ഒരു മംഗളപത്രം അദ്ദേഹത്തിന്ന സമൎപ്പിക്കണമെന്നു ഈ കഴിഞ്ഞ യോഗത്തിൽ തീൎച്ചയാക്കിയിരിക്കുന്നു.

മിസ്റ്റർ രാജഗോപാലാചാരി തിരുവിതാംക്കൂർ ദിവാൻപദത്തിൽ നിന്നു ഒഴികയും, ചീഫ് ജസ്റ്റിസായിരുന്ന മന്ദത്തു കൃഷ്ണൻനായർ അവർകൾ പോയമാസം ഫ്രഞ്ചുതൽസ്ഥാനത്തിൽ നിയമിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഫ്രൻഫ്രഴ്-ലെ കണക്കനുസരിച്ചു അമേരിക്കയിലെ സംയുക്ത രാജ്യങ്ങൾ(U. S.)ളിൽ ഫ്രഞ്ചു, ഓസ്ട്രൻവ്വർ കത്തോലിക്കർ ഉള്ളതായികാണുന്നു. ആ രാജ്യങ്ങളുടെ അധികാരത്തെ ആശ്രയിച്ചു നിൽക്കുന്ന അലാസ്കാ, ഫിലിപ്പൈൻ മുതലായ മറ്റു ദേശങ്ങളിലെ തുകയും ചേൎക്കുന്നതായാൽ ൨൪,൨൨൪,൯൦൯ ആണ് കത്തോലിക്കരുടെ അകത്തുക.

നിദ്രയുണ്ടാകാതെ കഷ്ടപ്പെടുന്നവർ ഒരു തംബ്ളേർ വെള്ളത്തിൽ രണ്ടു കയിൽ തേൻചേൎത്തു കുടിച്ചാൽ രാത്രി മുഴുവൻ സുഖമായി ഉറങ്ങാമത്രെ.

മെയ് മാസം ൨൩-൦ ൨൭-൦ തീയതികളിൽ നടന്ന കൊൻസിസ്റ്ററിയിൽ വച്ചു പ. പിതാവ് പത്താംപീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒഴിഞ്ഞുകിടന്ന മെത്രാസനങ്ങളിലേക്കു ഭരണകർത്താക്കന്മാരെ നിയമിക്കയും മുമ്പ് തെരഞ്ഞെടുക്കപ്പെട്ടിരുന്ന മോൺഷോർനിംഗ് കാർഡിനലിനു തൽസ്ഥാനസൂചകമായ ശിരോഭൂഷണം നൽകുകയും ചെയ്തതു കൂടാതെ ൧൫ പേരെ കാർഡിനൽ പദത്തിലേക്കു പുതുതായി നിശ്ചയിക്കയും ചെയ്തിരിക്കുന്നു. ഇപ്പോൾ ആകെ ന്നു കാർഡിനൽ മാരുണ്ട്. എങ്കിലും നിശ്ചിത സംഖ്യയിൽ എത്തുന്നതിനു ഇനിയും ൨ പേർകൂടി വേണ്ടിയിരിക്കുന്നു. കാർഡിനൽ മാരുടെ കൂട്ടത്തിൽ ൫ ബൈനടിക്തോസ് സഭക്കാരും, ൨ പ്രൻസിസ്കോസ് സഭക്കാരും, ഈശോസഭ, കർമ്മലീത്താസഭ, ആഗുസ്തീനോസ് സഭ, കാനൻസ് റെഗുലർ, രക്ഷിതാവിന്റെ സഭ ഇവകളിൽനിന്നു ഓരോ ആളുകളും ഉൾപ്പെട്ടിരിക്കുന്നു.

മിറാജ് എന്ന (Miraj) സ്ഥലത്തിനു സമീപത്തുവച്ചു ഓടിക്കോണ്ടിരുന്ന ഒരു മൂന്നാംക്ലാസ്സു പുകവണ്ടിക്കു തീ പിടിക്കയും വണ്ടി നിന്നുന്നതിനു താമസം നേരിടുകയാൽ അഗ്നി വേറൊരു വണ്ടിയേക്കൂടി ബാധിക്കയുമുണ്ടായി. ഒരു ഹിന്തുസ്ത്രീയും കുട്ടിയും മരിച്ചുപോകയും വേറൊരു മൃതശരീരം കണ്ടെത്തുകയും ചെയ്തിരിക്കുന്നു. വണ്ടികൾ രണ്ടും വെന്തു വെണ്ണീറായിപ്പോയി.

സ്ഥിരപരിശ്രമത്തിനും ചിരപ്രതീക്ഷക്കും വിഷയീഭവിച്ചതായ ഐയർലണ്ടിന്റെ സ്വയംഭരണത്തെ സംബന്ധിച്ചു പാർലിയമേന്റിൽ ഫാജരാക്കപ്പെട്ടിരുന്ന ബിൽ കോമൻസ് സഭയിൽ പാസായിക്കഴിഞ്ഞിരിക്കുന്നു. അതു നിയമമായി തീരുന്നതിനു ഇനി രാജസമ്മതി ലഭിക്കേണ്ട താമസം മാത്രമേയുള്ളു.

വടക്കേ അമേരിക്കയിലെ സെൻറ്റലോറൻസ് നദീമുഖപ്രദേശത്തിനടുത്തുള്ള അറ്റ്ലാൻറിക്കു സമുദ്രത്തിൽ എംപ്രസ്സ് ഓഫ് അയർലാണ്ട് (Empress of Ireland) എന്ന പേരോടുകൂടിയ ഒരു വലിയ തീക്കപ്പൽ ഇക്കഴിഞ്ഞ ൨൯-ാം- മുങ്ങിപ്പോയിരിക്കുന്നു. കപ്പലിൽ ഉണ്ടായിരുന്ന ൧൭൫൦-ൽപരം ആളുകളിൽ അധികപേരും മരിച്ചുപോയിരിക്കുന്നു എന്നാണ് ഊഹിക്കപ്പെടുന്നതു്. ആരെല്ലാം ജീവിച്ചിരിക്കുന്നു എന്നും ആരെല്ലാം മരിച്ചുപോയി എന്നും ഉള്ള സംഗതി ഇനിയും തീർച്ചയായിട്ടില്ല.

മരണങ്ങൾ.

പന്ത്രണ്ടിൽ അധികം സംവത്സരത്തേക്കു കേരളത്തിൽ വൈലിക്കങ്ങളായ പല മഹാകാര്യങ്ങളെ നിർവ്വഹിച്ചശേഷം യൂറോപ്പിലേക്കു മടങ്ങിപ്പോയ വ. ദി. ശ്രീ ഫാദർ ലിയോപ്പോൾഡ് സി. ഡി. അവർകൾ കഴിഞ്ഞ ഏപ്രിൽമാസം ൨൨-ാം- ജനീവാപട്ടണത്തിലുള്ള വി. അന്നായുടെ കർമ്മലീത്താ ആശ്രമത്തിൽവച്ചു തന്റെ ൭൫-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായിരിക്കുന്നു. മലയാളത്തിൽ കന്യാശ്രമങ്ങളെ സ്ഥാപിക്കുന്നതിനു ആദ്യമായി പരിശ്രമം ചെയ്ത മഹാശയന്മാരിൽ ഇദ്ദേഹവും ഒരാളായിരുന്നു. ക. നി. മു. സഭ പ്രദേശത്തിൽനിന്നു അതിനു സിദ്ധിച്ചിട്ടുള്ള നിരവധി നന്മകളെ ഇന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. മരണവർത്തമാനം ക. നി. മു. സ. പ്രി. ജനറൽ എല്ലാ ആശ്രമങ്ങളിലും അറിയിക്കയും അദ്ദേഹത്തിന്റെ കല്പനയെ അനുസരിച്ചു മരിച്ചവർക്കു വേണ്ടിയുള്ള സ്വർഗ്ഗസ്ഥകുർബ്ബാന, ഒപ്പീസ് മുതലായ ചരമകർമ്മങ്ങൾ നടത്തപ്പെടുകയും ചെയ്തിരിക്കുന്നു.

പരേതനായ അയ്യനാട്ടു പാറായിൽ മിസ്റ്റർ ജോസഫ് തരകന്റെ പ്രണിയിനിയും, കുഞ്ഞവുരാതരകൻ അവർകളുടെ മാതാവുമായ കത്രീനാ എന്ന ഉത്തമസ്ത്രീ പോയ മാസം ൨-ാം- ആലുവായിൽവച്ചു അതിസാരരോഗത്താൽ മരിച്ചുപോയിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു.

ന. ടീപികയുടേയും ക. കുസുമത്തിന്റേയും വരിക്കാരൻ ആയിരുന്ന കോതമംഗലംപള്ളി ഇടവകപ്പിച്ചാട്ട ദേവസ്സി പൈലി അവർകൾ മാർച്ച് ൨൦-ാം- തന്റെ ൫൮-ാമത്തെ വയസ്സിലും അദ്ദേഹത്തിന്റെ വല്ല്യപ്പനും, കുസുമവരിക്കാരനുമായ കാക്കനാടൻ കുഞ്ഞൻ മത്തായി അവർകൾ ഏപ്രിൽ ൧൬-ാം- തന്റെ ൭൫-ാമത്തെ വയസ്സിലും ചരമക്രമാശംകളെ കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു.

ഇവരുടെ ആത്മാനുക്രമേണ കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.